# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

**www.ksad.kerala.gov.in**

## എലിക്കുളം ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

**2022-2023**

**കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്**
**ജില്ലാ ഓഡിറ്റ് കാര്യാലയം**
**കോട്ടയം-686001**

**ഇ-മെയിൽ: doktm.ksad@kerala.gov.in**
**ഫോൺ : 0481-2564886**

(രജിസ്റ്റർ ചെയ്തു കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ.കെ..റ്റി.എം.പി 13/1319/23

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കോട്ടയം-686001
തീയ്യതി: 04/10/2023
ഇ-മെയിൽ: doktm.ksad@kerala.gov.in
ഫോൺ: 0481-2564886

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
എലിക്കുളം ഗ്രാമപഞ്ചായത്ത്

സർ,

**വിഷയം : എലിക്കുളം ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.**

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം എലിക്കുളം ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/ തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:
1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കോട്ടയം.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ.കെ..റ്റി.എം.പി 13/1319/23 തീയ്യതി: 04/10/2023

# കോട്ടയം ജില്ലയിലെ എലിക്കുളം ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(**1994** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് **13 , 1996** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം **18, (1994** ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് **215(4)**) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കോട്ടയം ജില്ലയിലെ എലിക്കുളം ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-11-2022 മുതൽ 30-06-2023 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 30 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 23 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമ്മേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. ഓഡിറ്റ് പരാമർശങ്ങൾ 20-07-2023 തിയതിയിലെ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷമുള്ള പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

### ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി. സി ആർ ബീനാകുമാരി | ഡെപ്യൂട്ടി ഡയറക്ടർ | 10-07-2023 | 20-07-2023 |

### ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 10-07-2023 | 20-07-2023 |

### ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

സജി പി ആർ, ഓഡിറ്റ് ഓഫീസർ
സുനിത എം എസ്, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ഷാജിമോൻ പി ബി, സീനിയർ ഗ്രേഡ് ഓഡിറ്റർ
കൃഷ്ണപ്രിയ എസ്, ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ. എസ് ഷാജി | പ്രസിഡന്റ് | 01-04-2022 | 31-03-2023 |
| ശ്രീ. സിബി ജോസ് കെ | സെക്രട്ടറി | 01-04-2022 | 20-06-2022 |

| | | | |
|---|---|---|---|
| ശ്രീ. ജോയിസ് സെബാസ്റ്റ്യൻ | സെക്രട്ടറി-ഇൻ-ചാർജ്ജ് | 21-06-2022 | 10-07-2022 |
| ശ്രീ. സിബി ജോസ് കെ | സെക്രട്ടറി | 11-07-2022 | 25-09-2022 |
| ശ്രീ. ജോയിസ് സെബാസ്റ്റ്യൻ | സെക്രട്ടറി-ഇൻ-ചാർജ്ജ് | 26-09-2022 | 09-10-2022 |
| ശ്രീ. സിബി ജോസ് കെ | സെക്രട്ടറി | 10-10-2022 | 31-03-2023 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ജോയിസ് സെബാസ്റ്റ്യൻ | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2022 | 25-10-2022 |
| ജോബോയ് ജോൺ | അസിസ്റ്റന്റ് സെക്രട്ടറി | 26-10-2022 | 31-03-2023 |
| ഡോ. ബിന്ദുതെരേസ പി ജെ | മെഡിക്കൽ ഓഫീസർ, ഹോമിയോ | 01-04-2022 | 31-03-2023 |
| ഡോ. ഡോണ എബ്രഹാം മറ്റം | മെഡിക്കൽ ഓഫീസർ, ആയുർവേദം | 01-04-2022 | 31-03-2023 |
| ഡോ. ജെസ്സി എം കട്ടപ്പുറം | മെഡിക്കൽ ഓഫീസർ, സി എച്ച് സി | 01-04-2022 | 31-03-2023 |
| ഡോ. സ്മിത കൈമൾ | വെറ്റിനറി സർജൻ | 01-04-2022 | 06-10-2022 |
| ഡോ. രമ്യ | വെറ്റിനറി സർജൻ | 07-10-2022 | 31-03-2023 |
| മോളമ്മ എം പി | ഐ സി ഡി എസ് സൂപ്പർവൈസർ | 01-04-2022 | 21-11-2022 |
| മായ ബി | ഐ സി ഡി എസ് സൂപ്പർവൈസർ | 22-11-2022 | 12-01-2023 |
| ചിന്തു റ്റി കുട്ടപ്പൻ | ഐ സി ഡി എസ് സൂപ്പർവൈസർ | 13-01-2023 | 31-03-2023 |
| റെയ് മോൻ ഡി | ഡയറി ഫാം ഇൻസ്ട്രക്ടർ | 01-04-2022 | 16-07-2022 |
| അഖിൽദേവ് എം | ഡയറി ഫാം ഇൻസ്ട്രക്ടർ | 17-07-2022 | 31-03-2023 |
| നിസ ലത്തീഫ് | കൃഷി ഓഫീസർ | 01-04-2022 | 27-10-2022 |
| ശ്രീലക്ഷ്മി കെ എ | കൃഷി ഓഫീസർ | 28-10-2022 | 31-03-2023 |
| ഷീജാമോൾ ജോസഫ് | അസിസ്റ്റന്റ് എഞ്ചിനീയർ, എൽ എസ് ജി ഡി | 01-04-2022 | 05-10-2022 |
| കവിത എസ് | അസിസ്റ്റന്റ് എഞ്ചിനീയർ, എൽ എസ് ജി ഡി | 06-10-2022 | 31-03-2023 |
| പ്രീതി | ഫിഷറീസ് ഇൻസ്പെക്ടർ | 01-04-2022 | 31-03-2023 |
| ഫെമി ഫ്രാൻസിസ് | വില്ലേജ് എക്സ്റ്റെൻഷൻ ഓഫീസർ (എലിക്കുളം) | 01-04-2022 | 31-03-2023 |
| ഫെമി ഫ്രാൻസിസ് | വില്ലേജ് എക്സ്റ്റെൻഷൻ ഓഫീസർ (ഇളങ്ങുളം) | 01-04-2022 | 28-08-2022 |
| ദിവ്യാമോൾ റ്റി | വില്ലേജ് എക്സ്റ്റെൻഷൻ ഓഫീസർ (ഇളങ്ങുളം) | 29-08-2022 | 13-02-2023 |
| ഫെമി ഫ്രാൻസിസ് | വില്ലേജ് എക്സ്റ്റെൻഷൻ ഓഫീസർ (ഇളങ്ങുളം) | 14-02-2023 | 31-03-2023 |

# ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | 1-1 |
| 2 | അക്കൗണ്ടിംഗ് ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ പത്രികകളും വാർഷിക കണക്കിൽ ഉൾപ്പെട്ടിട്ടില്ല. | 1-1-1 |
| 3 | ക്യാഷ് ഫ്ലോ പത്രികയിലെ തൻ വർഷത്തെ ആകെ ക്യാഷ് ഫ്ലോയും പത്രികയിൽ മുന്നിരിപ്പും നീക്കിയിരിപ്പും തമ്മിലുള്ള വ്യത്യാസമായി ചേർത്തിരിക്കുന്ന തുകയും പൊരുത്തപ്പെടുന്നില്ല. | 1-1-2 |
| 4 | ഗ്രാമപഞ്ചായത്തിന്റെ ആകെ ജനറൽ ഫണ്ടിന്റെ കൃത്യത വ്യക്തമല്ല. | 1-1-3 |
| 5 | ക്യാപ്പിറ്റൽ കോൺട്രിബ്യൂഷൻ തുകയുടെ മുന്നിരിപ്പ് വിശദാംശം വ്യക്തമാക്കുന്ന അടിസ്ഥാന രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല. | 1-1-4 |
| 6 | Government/Other ഡ്യൂസ് രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല | 1-1-5 |
| 7 | കാലികമായ ആസ്തി രജിസ്റ്റർ , ആസ്തി ഡേറ്റാബേസ് പഞ്ചായത്തിൽ നിലവിലില്ല | 1-1-6 |
| 8 | വാർഷിക കണക്കുകളിലെ തുകകളും അതാത് രജിസ്റ്ററിലെ സംക്ഷിപ്തം ആയി ചേർത്തിട്ടുള്ള തുകകളും പൊരുത്തപ്പെടുന്നില്ല. | 1-1-7 |
| 9 | കുടിശ്ശിക തുകയ്ക്ക് അനുസൃതമായി പ്രൊവിഷൻ രേഖപ്പെടുത്തിയിട്ടില്ല. | 1-1-8 |
| 10 | വാർഷിക കണക്കുകളെ സാധൂകരിക്കുന്ന രീതിയിൽ രജിസ്റ്ററിൽ കൃത്യമായി വിവരങ്ങൾ ചേർക്കുന്നില്ല | 1-1-9 |
| 11 | ഡെപ്പോസിറ്റ് ശീർഷകത്തിൽ തുക തെറ്റായി ചേർത്തിരിക്കുന്നു. | 1-1-10 |
| 12 | ചെലവഴിക്കാൻ അവശേഷിക്കുന്ന ഗ്രാന്റ് തുകകളും അവ നിക്ഷേപിച്ചിരിക്കുന്ന അക്കൗണ്ട് പ്രകാരമുള്ള നീക്കിയിരിപ്പും പൊരുത്തപ്പെടുന്നില്ല. | 1-1-11 |
| 13 | ഷെഡ്യൂളുകൾ പൊരുത്തപ്പെടുന്നില്ല | 1-1-12 |
| 14 | എം ജി എൻ ആർ ഇ ജി എസ് - തുകകൾ പൊരുത്തപ്പെടുന്നില്ല | 1-1-13 |
| 15 | ബജറ്റ് | 1-2 |
| 16 | സാമ്പത്തികവിശകലനം | 1-3 |
| 17 | ഗ്രാന്റ് വിനിയോഗം | 1-4 |
| 18 | പദ്ധതിഅവലോകനം. | 1-5 |
| 19 | മഹാത്മഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പു പദ്ധതി | 1-6 |
| 20 | സാമൂഹ്യസുരക്ഷ പദ്ധതികൾ | 1-7 |
| 21 | ക്യാഷ് ബാലൻസ് പരിശോധന | 1-8 |
| 22 | ആഭ്യന്തരനിയന്ത്രണം | 1-9 |
| 23 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-10 |
| 24 | ഒരേ റോഡ് തന്നെ വിവിധ രീതികളിൽ വിവിധ കെട്ടിടങ്ങളുടെ വസ്തു നികുതി നിർണ്ണയത്തിനായി പരിഗണിച്ചിരിക്കുന്നു | 1-11 |
| 25 | സമീപകെട്ടിടങ്ങൾക്ക് വ്യത്യസ്ത മേഖലയുടെ അടിസ്ഥാനത്തിൽ വസ്തു നികുതി നിർണ്ണയം നടത്തിയിരിക്കുന്നു | 1-12 |
| 26 | ഓൺലൈൻ രസീത് വരവുകൾ- ഐ കെ എം-ൽ നിന്നും തുക പഞ്ചായത്തിന് ലഭിക്കുന്നതിന് കാലതാമസം | 1-13 |
| 27 | അധിക വിഭവസമാഹരണം | 1-14 |
| 28 | ഫ്രണ്ട് ഓഫീസിൽ സജ്ജീകരിച്ചിരിക്കുന്ന സേവനങ്ങൾ പ്രശംസനീയം | 1-15 |
| 29 | ഗ്രാമലക്ഷ്മി മുദ്രാലയത്തിൽ നല്കിയ തുകയ്ക്കുള്ള മുഴുവൻ രജിസ്റ്ററുകളും ഫോമുകളും ലഭിച്ചില്ല | 1-16 |
| 30 | സ്മാർട്ട് ഗാർബേജ് മോണിട്ടറിംഗ് സിസ്ററം- പ്രോജക്ട് നടപടികൾ ത്വരിതപ്പെടുത്തേണ്ടതാണ് | 1-17 |
| 31 | കുടുംബശ്രീ ഹെൽപ് ഡെസ്ക്- പ്രവർത്തനസജ്ജമാക്കിയില്ല | 1-18 |
| 32 | വിനിയോഗ / പൂർത്തീകരണ വിവരങ്ങൾ ലഭ്യമല്ല | 1-19 |
| 33 | വിശപ്പ് രഹിതകേരളം- ജനകീയഹോട്ടൽ പ്രവർത്തനം നിലച്ചു | 1-20 |
| 34 | ഇ ഓട്ടോ പ്രവർത്തനക്ഷമമല്ല. വാഹനം വാടകയ്ക്ക് എടുക്കേണ്ട സാഹചര്യം നിലനിൽക്കുന്നു | 1-21 |

| | | |
|---|---|---|
| 35 | നമ്മുടെ ഗ്രാമം സുന്ദരഗ്രാമം- പ്രോജക്ട് ലക്ഷ്യം കൈവരിച്ചില്ല | 1-22 |
| 36 | ലൈഫ് ഭവന നിർമ്മാണം- മാർഗ്ഗരേഖയ്ക്ക് വിരുദ്ധമായി റൂഫ് നിർമ്മിച്ചു | 1-23 |
| 37 | തേൻ ഗ്രാമം പ്രോജക്ട് - വിശദാംശങ്ങൾ ലഭ്യമായില്ല | 1-24 |
| 38 | നെൽകൃഷി വികസനം പ്രോജക്ട് ലഭ്യമായ യന്ത്രങ്ങൾ ഉപയോഗിച്ചില്ല | 1-25 |
| 39 | വികസന ഫണ്ട് വിഹിതം വകയിരുത്തിയ പ്രോജക്ടുകൾ - സാമ്പത്തിക മിതത്വം പാലിക്കേണ്ടതാണ് | 1-26 |
| 40 | ഭിന്നശേഷിക്കാർക്ക് വിനോദയാത്ര എന്ന പ്രോജക്ട് സുലേഖ എക്സ്പെൻഡിച്ചർ പത്രികയിൽ ഉൾപ്പെട്ടിട്ടില്ല | 1-27 |
| 41 | കെഎഎസ്/പിഎസ് സി പരിശീലനത്തിന് വിഹിതം നൽകൽ- വിനിയോഗസാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല | 1-28 |
| 42 | ഭിന്നശേഷിയുള്ളവരുടെ ഗാനമേള ട്രൂപ്പ് -മാതൃകാ പ്രോജക്ട് | 1-29 |
| 43 | 4-ാം മൈൽ കുടിവെള്ള പദ്ധതി മെയിന്റനൻസ്- അപാകതകൾ | 1-30 |
| 44 | റോഡ് ടാറിംഗ്/ റീടാറിംഗ് പ്രവൃത്തിയുടെ ബില്ലിൽ നിന്നും കാലിബാരലിന്റെ വില ഈടാക്കാത്തത്. | 1-31 |
| 45 | റോഡ് ടാറിംഗ്/ റീടാറിംഗ് പ്രവൃത്തികളുടെ ബില്ലിൽ നിന്നും കുറവ് ചെയ്ത കാലിവീപ്പകളുടെ വില തനത് ഫണ്ടിൽ സൂക്ഷിച്ചിരിക്കുന്നത് സംബന്ധിച്ച് | 1-32 |
| 46 | വിവിധ പ്രോജക്ടുകൾ പ്രകാരം മരുന്നുകൾ/ഉപകരണങ്ങൾ വാങ്ങൽ-184796 രൂപയ്ക്കുള്ള മരുന്നുകൾ / ഉപകരണങ്ങൾ ലഭിക്കാനവശേഷിക്കുന്നു | 1-33 |
| 47 | തുക ഒടുക്കി എങ്കിലും മരുന്ന് ലഭ്യമായില്ല | 1-34 |
| 48 | സുസ്ഥിരവികസനം-മാലിന്യസംസ്കരണം | 1-35 |
| **ഭാഗം 2** | | |
| --- No Records Found --- | | |
| **ഭാഗം 3** | | |
| --- No Records Found --- | | |
| **ഭാഗം 4** | | |
| 1 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപ്പെടുത്തിയ വിവരം | 4-1 |
| 2 | സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം | 4-2 |
| 3 | നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകകളുടെ വിവരം | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയതിന്റെ വിശദാംശങ്ങൾ | 4-4 |
| 5 | വായ്പ/വായ്പ തിരിച്ചടവ് | 4-5 |
| 6 | സ്ഥിരനിക്ഷേപങ്ങൾ | 4-6 |
| 7 | ഓഡിറ്റ് റിക്കവറി | 4-7 |
| 8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിവരം | 4-8 |
| 9 | ചാർജ് സർചാർജ് നടപടികളിലൂടെ ഈടാക്കിയ തുകയുടെ വിവരം | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷികന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-11 |
| **അനുബന്ധം** | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1
# പൊതു അവലോകനം

## 1-1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

1. എലിക്കുളം ഗ്രാമപഞ്ചായത്തിന്റെ 2023 മാർച്ച് 31-ന് അവസാനിച്ച വർഷത്തിലെ റസീപ്റ്റ് & പെയ്മെന്റ് സ്റ്റേറ്റ്മെന്റ്, ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട് എന്നിവയും 31.03.2023 തീയതി പ്രകാരമുള്ള ആസ്തി ബാധ്യതാ സ്റ്റേറ്റ്മെന്റും ഉൾപ്പെടുന്ന ധനകാര്യ പത്രികകളും പ്രസ്തുത ധനകാര്യ പത്രികകൾക്ക് അനുബന്ധമായി ഉൾപ്പെടുത്തിയിട്ടുള്ള ഫോറങ്ങളും ഭരണസമിതിയുടെ 27.06.2023 തീയതിയിലെ I/1 തീരുമാനം പ്രകാരം അംഗീകരിച്ച് 27.06.2023 തീയതിയിൽ എയിംസിലൂടെ സമർപ്പിച്ചിട്ടുണ്ട്. പ്രസ്തുത വാർഷിക ധനകാര്യ പത്രികകളും, അനുബന്ധ ഫോറങ്ങളും ഇവ വെളിപ്പെടുത്തുന്ന സാമ്പത്തിക പ്രസ്താവനകളും 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം സെക്ഷൻ 214(4) പ്രകാരവും ത്രിതല പഞ്ചായത്തുകൾക്ക് ബാധകമായ 2011ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് ബാധകമായ ഓഡിറ്റ് മാന്വൽ അദ്ധ്യായം 4.2.1, 11.3, കേന്ദ്ര/സംസ്ഥാന സർക്കാർ മാർഗ്ഗ നിർദ്ദേശങ്ങൾ, ധനകാര്യ കമ്മീഷൻ, മറ്റ് ഫണ്ടിങ്ങ് ഏജൻസികൾ എന്നിവ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങൾ എന്നിവ പാലിച്ച് ഞാൻ ഓഡിറ്റിന് വിധേയമാക്കിയിട്ടുണ്ട്. ഈ അക്കൗണ്ടുകൾ തയ്യാറാക്കുന്നത് പഞ്ചായത്ത് രാജ് സ്ഥാപനത്തിന്റെ മാനേജ്മെന്റിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൗണ്ടുകളെ കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

2. C&AG ഓഫ് ഇന്ത്യ പുറപ്പെടുവിച്ചിട്ടുള്ള ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്കും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിന് വേണ്ടിയുള്ള മാർഗ്ഗനിർദ്ദേശങ്ങൾക്കും അനുസരിച്ചാണ് ഞാൻ എന്റെ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയത്. സാമ്പത്തിക പ്രസ്താവനകൾ വസ്തുതാപരമായ തെറ്റുകളിൽ നിന്ന് മുക്തമാണോ എന്ന് ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്യുകയും നടപ്പിലാക്കേണ്ടതുമുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ/ മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. സാമ്പത്തിക പ്രസ്താവനകൾ വെളിപ്പെടുത്തുന്ന തുകകളെ പിന്തുണയ്ക്കുന്ന തെളിവുകളുടെ പരിശോധന ഓഡിറ്റിൽ ഉൾപ്പെടുന്നു. കൂടാതെ പഞ്ചായത്ത് രാജ് സ്ഥാപനം പാലിച്ചിട്ടുള്ള അക്കൗണ്ടിങ്ങ് തത്വങ്ങളും തയ്യാറാക്കപ്പെട്ട സുപ്രധാനമായ എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും അക്കൗണ്ടുകളുടെ മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

3. എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവും മികച്ച വിവരങ്ങളും നൽകിയ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു.

**വിശേഷണങ്ങളോട് കൂടിയ അഭിപ്രായം**

അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ അതിൽ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ, അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക് വിധേയമായി, എലിക്കുളം ഗ്രാമപഞ്ചായത്തിന്റെ 2022-23 വർഷത്തേയ്ക്കുള്ള വാർഷിക സാമ്പത്തിക പ്രസ്താവനകൾ സാമ്പത്തിക ഫലത്തെക്കുറിച്ചും സാമ്പത്തിക നിലയെക്കുറിച്ചും സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നു.

### 1-1-1 അക്കൗണ്ടിംഗ് ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ പത്രികകളും വാർഷിക കണക്കിൽ ഉൾപ്പെട്ടിട്ടില്ല.

കേരള പഞ്ചായത്ത് രാജ് അക്കൗണ്ട്സ് ചട്ടങ്ങൾ 2011 ചട്ടം 62 പ്രകാരം ഓഡിറ്റിന് സമർപ്പിക്കേണ്ടിയിരുന്ന റേഷ്യോസ് ഓഡിറ്റിനായി ലഭ്യമാക്കിയില്ല.

### 1-1-2 ക്യാഷ് ഫ്ലോ പത്രികയിലെ തൻ വർഷത്തെ ആകെ ക്യാഷ് ഫ്ലോയും പത്രികയിൽ മുന്നിരിപ്പും നീക്കിയിരിപ്പും തമ്മിലുള്ള വ്യത്യാസമായി ചേർത്തിരിക്കുന്ന തുകയും പൊരുത്തപ്പെടുന്നില്ല.

ക്യാഷ് ഫ്ലോ സ്റ്റേറ്റ്മെന്റിലെ Net Increase In Cash And Cash Equivalance ആയി രേഖപ്പെടുത്തിയ തുകയും ഇതേ പത്രികയിൽ Net Cash Generated By Operating + Investing + Financing Activity ആയി രേഖപ്പെടുത്തിയ തുകയും തുല്യമല്ലാത്തതിനാൽ മേൽ പത്രികയുടെ കൃത്യത വ്യക്തമല്ല. Net Increase In Cash And Cash Equivalance തുക 7218566/- ആകെ തുകയായ 3568562/- എന്നിവ തുല്യമാകേണ്ടതാണ്.

**1-1-3 ഗ്രാമപഞ്ചായത്തിന്‍റെ ആകെ ജനറൽ ഫണ്ടിന്‍റെ കൃത്യത വ്യക്തമല്ല.**

31/03/2023 തീയതിയിലെ ഗ്രാമപഞ്ചായത്തിന്‍റെ ആകെ ജനറൽ ഫണ്ടിന്‍റെ കൃത്യത വ്യക്തമല്ല.

**1-1-4 ക്യാപ്പിറ്റൽ കോൺട്രിബ്യൂഷൻ തുകയുടെ മുന്നിരിപ്പ് വിശദാംശം വ്യക്തമാക്കുന്ന അടിസ്ഥാന രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല.**

ക്യാപ്പിറ്റൽ കോൺട്രിബ്യൂഷൻ തുകയുടെ മുന്നിരിപ്പ് വിശദാംശം വ്യക്തമാക്കുന്ന അടിസ്ഥാന രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല. 2022-23 വർഷം വിവിധ ഫണ്ട് തിരിച്ച് അക്കൗണ്ട് ചെയ്യപ്പെട്ട ക്യാപ്പിറ്റൽ കോൺ ട്രിബ്യൂഷൻ പ്രസ്തുത ഫണ്ടുകൾ ചെലവഴിച്ച ആസ്തികൾക്ക് തുല്യമായ തുകയാണോ എന്നതിൽ വ്യക്തതയില്ല. വിവിധ ഗ്രാന്‍റുകളുടെ ചെലവ് ആസ്തി-റവന്യൂ തിരിച്ച് രേഖപ്പെടുത്തിയ വിശദമായ ക്യാപ്പിറ്റൽ കോൺട്രിബ്യൂഷൻ രജിസ്റ്റർ പഞ്ചായത്തിൽ സൂക്ഷിച്ചിട്ടില്ല.

**1-1-5 Government/Other ഡ്യൂസ് രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല.**

സർക്കാർ/മറ്റു സ്ഥാപനങ്ങൾ എന്നിവയിലേക്ക് ഒടുക്കാനുള്ള തുകകളുടെ കൃത്യത വ്യക്തമാക്കുന്ന Government/Other ഡ്യൂസ് രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല. 31/03/2023 ബാലൻസ് ഷീറ്റ് 350300199 ശീർഷകങ്ങളിൽ നിലനിൽക്കുന്നത് എതിനം ബാധ്യതയാണെന്നതിൽ വ്യക്തതയില്ല.

**1-1-6 കാലികമായ ആസ്തി രജിസ്റ്റർ , ആസ്തി ഡേറ്റാബേസ് പഞ്ചായത്തിൽ നിലവിലില്ല.**

സുസ്ഥിര ആസ്തി, ഉൽപാദന മേഖല ആസ്തിസ സേവന മേഖല ആസ്തി, ഇൻഫ്രാസ്ട്രക്ചർ ആസ്തി, സ്ഥാപന ആസ്തി, വിട്ടുകിട്ടിയ സ്ഥാപന ആസ്തി തുടങ്ങിയ ആസ്തി വിഭജന മാനദണ്ഡങ്ങളിലുള്ള ആസ്തി ഡേറ്റാബേസും പഞ്ചായത്തിൽ നിലവിലില്ല എന്നതിനാൽ വിവിധ മേഖല ഷെഡ്യൂളുകളിൽ 31.03.2023 ലെ ബാലൻസ് ഷീറ്റ് പ്രകാരമുള്ള ആസ്തികളുടെ വിവരത്തിന്‍റെയും മൂല്യത്തിന്‍റെയും ആധികാരകതയും കൃത്യതയും വ്യക്തമല്ല. 26/07/2011-ലെ ജി.ഒ (എം.എസ്)152/2011-ലെ നിർദ്ദേശങ്ങൾക്കനുസൃതമായി പഞ്ചായത്ത് ആസ്തികളുടെ മൂല്യനിർണ്ണയം നടത്തി ആസ്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിച്ചിട്ടില്ല. പഞ്ചായത്തിന്‍റെ ആസ്തികളുടെ മൂല്യം വാർഷിക കണക്കിൽ നിശ്ചിത ശീർഷകങ്ങളിൽ ഉൾപ്പെട്ടിട്ടുണ്ടോ എന്നത് ആധികാരികവും കാലികവുമായ അനുബന്ധ രേഖകൾ ഇല്ലാത്തതിനാൽ വ്യക്തമല്ല.

**1-1-7 വാർഷിക കണക്കുകളിലെ തുകകളും അതാത് രജിസ്റ്ററിലെ സംക്ഷിപ്തം ആയി ചേർത്തിട്ടുള്ള തുകകളും പൊരുത്തപ്പെടുന്നില്ല.**

1. വസ്തു നികുതി ഡിമാന്‍റ്, കളക്ഷൻ, ബാലൻസ് തുകകൾ വാർഷിക ധനകാര്യപത്രികയുമായി പൊരുത്തപ്പെടുന്നില്ല.
2. തൊഴിൽ നികുതി കളക്ഷൻ തുകകൾ വാർഷിക ധനകാര്യപത്രികയുമായി പൊരുത്തപ്പെടുന്നില്ല.

**1-1-8 കുടിശ്ശിക തുകയ്ക്ക് അനുസൃതമായി പ്രൊവിഷൻ രേഖപ്പെടുത്തിയിട്ടില്ല.**

പഞ്ചായത്തിന് ലഭ്യമാകാനുള്ള കുടിശ്ശിക തുകയ്ക്ക് അനുസൃതമായി പ്രൊവിഷൻ രേഖപ്പെടുത്തിയിട്ടില്ല.

**1-1-9 വാർഷിക കണക്കുകളെ സാധൂകരിക്കുന്ന രീതിയിൽ രജിസ്റ്ററിൽ കൃത്യമായി വിവരങ്ങൾ ചേർക്കുന്നില്ല.**

1. B-18 ഷെഡ്യൂളിലെ 460500601 – Advance To Gramalakshmi Mudralayam എന്ന ഹെഡിലെ തുകയുടെ വിവരങ്ങൾ അഡ്വാൻസ് രജിസ്റ്ററിൽ ലഭ്യമല്ല.
2. B-4 ഷെഡ്യൂളിലെ 320100204, 320100202 എന്ന ഹെഡുകളിലെ തുകയുടെ വിവരങ്ങൾ രജിസ്റ്ററിൽ ലഭ്യമല്ല.
3. B-7 ഷെഡ്യൂളിലെ 340200199 – Other Deposits എന്ന ഹെഡിലെ തുകയുടെ വിവരങ്ങൾ അഡ്വാൻസ് രജിസ്റ്ററിൽ ലഭ്യമല്ല.

**1-1-10 ഡെപ്പോസിറ്റ് ശീർഷകത്തിൽ തുക തെറ്റായി ചേർത്തിരിക്കുന്നു.**

വൗച്ചർ നം. 22200533/20.09.2023 പ്രകാരം ഇലക്ട്രിഫിക്കേഷന് നൽകിയ 25436/- രൂ ബി 18 ഷെഡ്യൂളിൽ 460500202 – Advance To Implementing Agencies Deposit With Kerala State Electricity Board എന്ന ശീർഷകത്തിൽ തെറ്റായി ചേർത്തിരിക്കുന്നു. മേൽ തുക അഡ്വാൻസ് ആയി നൽകിയ തുകയല്ല.

**1-1-11 ചെലവഴിക്കാൻ അവശേഷിക്കുന്ന ഗ്രാന്‍റ് തുകകളും അവ നിക്ഷേപിച്ചിരിക്കുന്ന അക്കൗണ്ട് പ്രകാരമുള്ള നീക്കിയിരിപ്പും പൊരുത്തപ്പെടുന്നില്ല.**

B-4 ഷെഡ്യൂളിലെ 320200112 – Sabarimala Grant എന്ന ഹെഡിൽ നിലനിൽക്കുന്ന ബാലൻസ് തുക യഥാർത്ഥ തുകയുമായി പൊരുത്തപ്പെടുന്നില്ല.

### 1-1-12 ഷെഡ്യൂളുകൾ പൊരുത്തപ്പെടുന്നില്ല

ബി-5 Secured Loans ഷെഡ്യൂളും ബി-16 Pre-Paid Expenses ഷെഡ്യൂളും പൊരുത്തപ്പെടുന്നില്ല.

### 1-1-13 എം ജി എൻ ആർ ഇ ജി എസ് - തുകകൾ പൊരുത്തപ്പെടുന്നില്ല

എം ജി എൻ ആർ ഇ ജി എസ് വരവ് ചെലവ് തുകകൾ വാർഷിക ധനകാര്യ പത്രികയുമായി പൊരുത്തപ്പെടുന്നില്ല

## 1-2 ബജറ്റ്

2022-23 വർഷത്തെ ബജറ്റ് പഞ്ചായത്ത് ഭരണസമിതിയുടെ 25.03.2022 തീയതിയിലെ I/1-ാം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു. 20.03.2023 തീയതിയിലെ I/1-ാം നമ്പർ തീരുമാനപ്രകാരം ബജറ്റ് പുതുക്കി അംഗീകരിച്ചിട്ടുണ്ട്. ബജറ്റ്, പുതുക്കിയ ബജറ്റ് എന്നിവ പ്രകാരമുള്ള വരവ് ചെലവ് കണക്ക് ചുവടെ ചേർക്കുന്നു.

| ഇനം | പരിഷ്കരിച്ച ബജറ്റ് | ബജറ്റ് |
|---|---|---|
| മുന്നിരിപ്പ് | 9295851 | 1,69,57,119.00 |
| വരവ് | 161726183 | 16,69,05,284.00 |
| ആകെ | 171022034 | 18,38,62,403.00 |
| ചെലവ് | 166007683 | 16,70,18,262.00 |
| നീക്കിയിരിപ്പ് | 5014351 | 1,68,44,141.00 |

## 1-3 സാമ്പത്തികവിശകലനം

**റസീറ്റ് & പേയ്മെന്റ് പത്രിക പ്രകാരം**

| | |
|---|---|
| മുന്നിരിപ്പ് | 9098598/- |
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 168847649/- |
| ആകെ | 177946247/- |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 161629083/- |
| നീക്കിയിരിപ്പ് | 16317164/- |

**ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് പ്രകാരം**

| ഇനം | തുക |
|---|---|
| ആകെ വരുമാനം | 118867662 |
| ആകെ ചെലവ് | 117262530 |
| വരുമാനമിച്ചം | 1605132 |
| മുൻകാല അക്കൗണ്ടിംഗ് ക്രമീകരണം (Prior Period Adjustment) | 117672 |
| അറ്റ പ്രവർത്തന നഷ്ടം | 1722804 |

**ഓഡിറ്റ് സംക്ഷിപ്തം**

| | |
|---|---|
| വരവിനങ്ങളിലുള്ള നഷ്ടം (ചാർജ് ചെയ്യാവുന്നത്) | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക (സർചാർജ് ചെയ്യാവുന്നത്) | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 2,740,384 |

## 1-4 ഗ്രാന്റ് വിനിയോഗം

| ഫണ്ടിനം | മുൻബാക്കി | ബജറ്റ് വിഹിതം | ആകെ | ചെലവ് | സഞ്ചിതനിധിയിലേക്ക് തിരികെ ഈടാക്കിയത് | ചെലവ് ശതമാനം |
|---|---|---|---|---|---|---|

| | | | | | | |
|---|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | 0 | 17342000 | 17342000 | 15834671 | 1507329 | 91.30 |
| വികസനഫണ്ട് എസ്.സി.പി. | 0 | 3760000 | 3760000 | 3393556 | 366444 | 90.25 |
| വികസനഫണ്ട് ടി.എസ്.പി. | 0 | 0 | 0 | 0 | 0 | 0 |
| സംരക്ഷണഗ്രാന്റ് റോഡ് | 0 | 7573000 | 7573000 | 4788463 | 2784537 | 63.23 |
| സംരക്ഷണഗ്രാന്റ് നോൺറോഡ് | 0 | 5059000 | 5059000 | 2684060 | 2374940 | 53.05 |
| ധനകാര്യകമ്മീഷൻ ഗ്രാന്റ് ( Untied ) | 0 | 3451950 | 3451950 | 2821452 | 630498 | 81.73 |
| ധനകാര്യകമ്മീഷൻ ഗ്രാന്റ് ( Tied ) | 1350416 | 7839744 | 9190160 | 3479553 | 5710607 | 37.86 |
| എം. ജി. എൻ. ആർ. ഇ. ജി. എസ് | 455257 | 14279906 | 14735163 | 14054612 | 680551 | 95.38 |
| ഐ.സി.ഡി. എസ്. കേന്ദ്രവിഹിതം | 345802 | 993582 | 1339384 | 1197230 | 142154 | 89.38 |
| ശുചിത്വമിഷൻ ഗ്രാന്റ് | 202284 | 352293 | 554577 | 400293 | 154284 | 72.17 |

വികസനഫണ്ടിന്റെ പൊതുവിഭാഗം, എസ്.സി.പി. വിഹിതങ്ങളിൽ നിന്ന് യഥാക്രമം 2489907/-രൂപ, 312630/-രൂപ വീതം കുറവ് ചെയ്തതിനുശേഷമാണ് ഗ്രാമപഞ്ചായത്തിന് ലഭിച്ചത്. ടി തുകകൾ ഉൾപ്പെടെയാണ് സുലേഖ സോഫ്റ്റ്‌വെയറിൽ ചേർത്തിട്ടുള്ളത്. എന്നാൽ സ്ഥാപനത്തിൽ ടി തുകകൾ പണമായി ലഭിക്കാതിരുന്നതിനാൽ വാർഷികകണക്കുകളുടെ ഭാഗമായ റസീറ്റ് & പേമെന്റ് സ്റ്റേറ്റ്മെന്റിലും അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്ററിലും ടി തുകകൾ ഉൾപ്പെട്ടിട്ടില്ല. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| പ്രോജക്ട് നം/ പേര് | ചെലവ് | ഫണ്ടിനം |
|---|---|---|
| 310/23 ലൈഫ് മിഷൻ വായ്പ മുതൽ തിരിച്ചടവ് (ജനറൽ ) | 719353 | വികസനഫണ്ട് പൊതുവിഭാഗം |
| 326/23 ലൈഫ് മിഷൻ വായ്പ മുതൽ തിരിച്ചടവ് (ജനറൽ ) | 719354 | വികസനഫണ്ട് പൊതുവിഭാഗം |
| 306/23 അംഗൻവാടി ജീവനക്കാരുടെ പ്രതിഫലം ഇനത്തിൽ ഈടാക്കുന്ന തുക | 350400 | വികസനഫണ്ട് പൊതുവിഭാഗം |
| 307/23 അംഗൻവാടി ജീവനക്കാരുടെ പ്രതിഫലം ഇനത്തിൽ ഈടാക്കുന്ന തുക | 350400 | വികസനഫണ്ട് പൊതുവിഭാഗം |
| 325/23 അംഗൻവാടി ജീവനക്കാരുടെ പ്രതിഫലം | 350400 | വികസനഫണ്ട് പൊതുവിഭാഗം |

| | | |
|---|---|---|
| ഇനത്തിൽ ഈടാക്കുന്ന തുക | | |
| ആകെ | 2489907 | |
| 309/23 ലൈഫ് മിഷൻ വായ്പ മുതൽ തിരിച്ചടവ് ( എസ്.സി.പി. ) | 156315 | വികസനഫണ്ട് എസ്.സി.പി. |
| 329/23 ലൈഫ് മിഷൻ വായ്പ മുതൽ തിരിച്ചടവ് ( എസ്.സി.പി. ) | 156315 | വികസനഫണ്ട് എസ്.സി.പി. |
| ആകെ | 312630 | |

ഗ്രാന്റ് വിനിയോഗപത്രികയുടെ വരവ് ഭാഗത്ത് ടി തുകകൾ ഉൾപ്പെട്ടിട്ടില്ല. ടി അപാകത നിലനിൽക്കെയാണ് അനുബന്ധം 2 ആയിട്ടുള്ള സാക്ഷ്യപത്രം ഉൾപ്പെടുത്തിയിട്ടുള്ളത്.

## 1-5 പദ്ധതിഅവലോകനം.

2022-23 വാർഷികപദ്ധതി ആസൂത്രണ പ്രക്രിയയുടെ തുടക്കമായി വർക്കിംഗ് ഗ്രൂപ്പുകൾ പുന:സംഘടിപ്പിച്ച് പഞ്ചായത്ത് കമ്മറ്റിയുടെ 15.12.2022 ലെ 1(15) നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചിട്ടുണ്ട്. 24.05.2022 ൽ വർക്കിംഗ് ഗ്രൂപ്പുകൾ യോഗം ചേർന്നു സ്റ്റാറ്റസ് റിപ്പോർട്ട് തയ്യാറാക്കിയിട്ടുണ്ട്. ആസൂത്രണസമിതി യോഗം 23.05.2022 ൽ ചേർന്നു. പദ്ധതിരൂപീകരണ ഗ്രാമസഭകൾ 28.05.2022 മുതൽ 31.05.2022 വരെയുള്ള തീയതികളിൽ ചേർന്ന് കരട് പദ്ധതിനിർദ്ദേശങ്ങൾ ചർച്ച ചെയ്തു. വികസനസെമിനാർ നടന്നത് 14.06.2022ലാണ്. 05.09.2022, 06.09.2022 തീയതിയിലെ ഗ്രാമസഭായോഗങ്ങൾ ഗുണഭോക്തൃതിരഞ്ഞെടുപ്പ് നടത്തിയിട്ടുണ്ട്. വികലാംഗ ഗ്രാമസഭ 11.01.2022 ലും ഊരുകൂട്ടം 30.05.2022 ലും യോഗം ചേർന്ന് ഗുണഭോക്താക്കളെ തിരഞ്ഞെടുത്തു. 27.07.2022ലെ 1(1) നമ്പർ തീരുമാന പ്രകാരം ഭരണസമിതി വാർഷിക പദ്ധതി അംഗീകരിച്ചു. ജില്ലാ ആസൂത്രണസമിതിയുടെ 16.03.2023 ലെ 82898/22/DPC/DPO/KTM നമ്പർ ഉത്തരവ് പ്രകാരം വാർഷിക പദ്ധതിക്ക് അന്തിമ അംഗീകാരം ലഭിച്ചിട്ടുണ്ട്.

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|
| 217 | 91765298 | 155 | 46166539 | 62 | 71.42 |

വിവിധ നിർവ്വഹണോദ്യോഗസ്ഥർ നടപ്പാക്കിയ പ്രോജക്ടുകളുടെ വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| നിർവ്വഹണോദ്യോഗസ്ഥൻ | എറ്റെടുത്ത പ്രോജക്ടുകളുടെ എണ്ണം | ആകെ അടങ്കൽ | തൻവർഷം തുക ചെലവഴിച്ചിട്ടുള്ള പ്രോജക്ടുകളുടെ എണ്ണം | ആകെ ചെലവ് |
|---|---|---|---|---|
| കൃഷി ഓഫീസർ | 13 | 2090109 | 12 | 1594609 |
| വെറ്റിനറി സർജൻ | 6 | 2151000 | 6 | 1383500 |
| മെഡിക്കൽ ഓഫീസർ സി.എച്ച്.സി | 11 | 1795584 | 11 | 1788553 |
| മെഡിക്കൽ ഓഫീസർ ആയുർവ്വേദം | 2 | 740000 | 2 | 738228 |
| മെഡിക്കൽ ഓഫീസർ ഹോമിയോ | 2 | 210000 | 2 | 210000 |
| വി.ഇ.ഒ I | 13 | 35285400 | 13 | 16621573 |
| വി.ഇ.ഒ II | 13 | 4685714 | 9 | 1946876 |
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | 21 | 6683420 | 17 | 4850116 |
| സെക്രട്ടറി | 45 | 10300923 | 28 | 6191193 |

| | | | | |
|---|---|---|---|---|
| അസിസ്റ്റന്റ് എൻജിനീയർ | 84 | 26185519 | 49 | 9528153 |
| ഫിഷറീസ് സബ് ഇൻസ്പെക്ടർ | 1 | 200000 | 1 | 23237 |
| ഡയറി ഫാം ഇൻസ്ട്രക്ടർ | 1 | 1204000 | 1 | 1203228 |
| അസിസ്റ്റന്റ് സെക്രട്ടറി | 5 | 233629 | 4 | 87273 |
| ആകെ | 217 | 91765298 | 155 | 46166539 |

**7033250/- രൂപ സഞ്ചിത നിധിയിലേയ്ക്ക് തിരിച്ചെടുത്തു.**

2022-23 വർഷം ഗ്രാമപഞ്ചായത്തിന്റെ വികസന പ്രവർത്തനങ്ങൾക്കായി ലഭ്യമായ ഗ്രാന്റു തുകകൾ പൂർണ്ണമായും ചെലവഴിക്കാൻ സാധിക്കാത്തതിനാൽ വിവിധ ഫണ്ടിനങ്ങളിലായി ആകെ 7033250/- രൂപ സഞ്ചിത നിധിയിലേയ്ക്ക് തിരിച്ചെടുത്തിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ഫണ്ടിനം | ബജറ്റ് വിഹിതം | ചെലവഴിച്ച തുക | സഞ്ചിത നിധിയിലേയ്ക്ക് തിരികെ ഈടാക്കിയത് |
|---|---|---|---|
| വികസന ഫണ്ട് (പൊതുവിഭാഗം) | 17342000 | 15834671 | 1507329 |
| വികസന ഫണ്ട് (എസ്.സി.പി) | 3760000 | 3393556 | 366444 |
| സംരക്ഷണ ഗ്രാന്റ് (റോഡ്) | 7573000 | 4788463 | 2784537 |
| സംരക്ഷണ ഗ്രാന്റ് (നോൺ റോഡ്) | 5059000 | 2684060 | 2374940 |
| ആകെ | | | 7033250 |

അംഗീകാരം കിട്ടിയ പല പ്രോജക്ടുകളും നടപ്പാക്കാതിരുന്നതും, നടപ്പാക്കിയവ സമയബന്ധിതമായി പൂർത്തീകരിക്കാതിരുന്നതുമാണ് മേൽപ്പറഞ്ഞ പ്രകാരം ഗ്രാമ പഞ്ചായത്തിന് 70 ലക്ഷത്തിലധികം രൂപ നഷ്ടമാകാനിടയായത്. വികസന പ്രവർത്തനങ്ങൾക്കായി ലഭിക്കുന്ന സർക്കാർ ധനസഹായം വിനിയോഗത്തിലെ കുറവ് മൂലം നഷ്ടമാകുന്ന സാഹചര്യം ഭാവിയിൽ ഒഴിവാക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

. **നിക്ഷേപ പ്രവൃത്തികൾ- മുൻ വർഷങ്ങളിലേതുൾപ്പെടെ 5568343 രൂപ വിനിയോഗിക്കാതെ നിർവ്വഹണ ഏജൻസികളുടെ അക്കൗണ്ടുകളിൽ അവശേഷിക്കുന്നു.**

വാർഷിക കണക്ക് B18 പ്രകാരം ഷെഡ്യൂൾ ഗ്രാമപഞ്ചായത്ത് വിവിധ നിക്ഷേപ പ്രവൃത്തികൾക്കായി മുൻ വർഷങ്ങളിലേതുൾപ്പടെ നിർവ്വഹണ ഏജൻസികളിൽ നിക്ഷേപിച്ചിരുന്ന തുകയിൽ 5568343/- രൂപ വിനിയോഗിക്കാതെ അവശേഷിക്കുന്നുണ്ട്. കേരള സംസ്ഥാന ഇലക്ട്രിസിറ്റി ബോർഡിൽ നിക്ഷേപിച്ച 4891333/- രൂപയുടെ വിനിയോഗ വിവരവും, ഭൂജലവകുപ്പിൽ നിക്ഷേപിച്ച 677010/- രൂപയുടെ വിനിയോഗ വിവരവുമാണ് ഇപ്രകാരം ലഭ്യമായിട്ടില്ലാത്തത്. നിർവ്വഹണ ഏജൻസികളുമായി ബന്ധപ്പെട്ട് പ്രവൃത്തികൾ പൂർത്തീകരിച്ച് ലഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. തുകയുടെ വിനിയോഗ വിശദാംശങ്ങളും പ്രവൃത്തികളുടെ പൂർത്തീകരണ സാക്ഷ്യപത്രവും ഓഡിറ്റിൽ പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതുമാണ്.

**മോണിറ്ററിംഗ് ഫലപ്രദമായിരുന്നില്ല**

അംഗീകാരം ലഭിച്ച് നടപ്പിലാക്കുന്ന പ്രോജക്ടുകൾ ഫലപ്രദമായി മോണിറ്റർ ചെയ്യേണ്ടതും മോണിറ്ററിംഗ് റിപ്പോർട്ട് തയ്യാറാക്കി യഥാസമയം നിർവ്വഹണോദ്യോഗസ്ഥനും ഭരണസമിതിയ്ക്കും നൽകേണ്ടതും വർക്കിംഗ് ഗ്രൂപ്പുകളാണ്. എന്നാൽ ഇപ്രകാരമുള്ള മോണിറ്ററിംഗ് റിപ്പോർട്ട് എല്ലാ പ്രോജക്ടുകളോടൊപ്പവും സൂക്ഷിച്ചിട്ടില്ല. പ്രോജക്ടുകളുടെ നിർവ്വഹണത്തിൽ മേൽനോട്ടസംവിധാനം ഫലപ്രദമായിരുന്നില്ലെന്ന് ഇത് സൂചിപ്പിക്കുന്നു. ഇക്കാര്യം ഭരണസമിതിയുടെയും സ്റ്റാന്റിംഗ്കമ്മിറ്റികളുടെയും ശ്രദ്ധയിൽപ്പെടുത്തുന്നു.

## 1-6 മഹാത്മഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പു പദ്ധതി

ഗ്രാമപഞ്ചായത്തിൽ മഹാത്മഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പു പദ്ധതി പ്രകാരം 2022-23 വർഷം 437 പേർക്ക് പുതുതായി തൊഴിൽ കാർഡ് നൽകിയിട്ടുണ്ട്. ഗ്രാമ പഞ്ചായത്തിലെ 16 വാർഡിലെയും ലേബർ ഗ്രാമസഭ ചേർന്ന് ലേബർ ബജറ്റ് തയ്യാറാക്കിയിട്ടുണ്ട്. ഓഡിറ്റ് വർഷത്തെ

ലേബർ ബജറ്റ് പ്രകാരം 708 പ്രവൃത്തികളാണ് വിഭാവനം ചെയ്തത്. 244 പ്രവൃത്തികൾക്ക് സാങ്കേതികാനുമതി ലഭിച്ചതിൽ 48 പ്രവൃത്തികൾ പൂർത്തീകരിക്കാനായിട്ടുണ്ട്. ആകെ ചെലവ് 136.04 ലക്ഷം രൂപ. 34521 തൊഴിൽദിനങ്ങൾ സൃഷ്ടിക്കപ്പെട്ടു. 240 തൊഴിലാളികൾ 100 തൊഴിൽ ദിനങ്ങൾ പൂർത്തിയാക്കിയിട്ടുണ്ട്. പഞ്ചായത്തിൽ ആകെയുള്ള 152 അയൽകൂട്ടങ്ങളിൽ 120 എണ്ണം പദ്ധതിയുമായി സഹകരിച്ചിട്ടുണ്ട്. 526 കുടുംബങ്ങൾ പദ്ധതിയുമായി സഹകരിച്ചു. പ്രകൃതി വിഭവ സംരക്ഷണത്തിന് മുൻഗണന നല്കി മഴക്കുഴി നിർമ്മാണം, കയ്യാല നിർമ്മാണം, കാർഷികകുളം തുടങ്ങിയ പ്രവൃത്തികളും റോഡ് കോൺക്രീറ്റിംഗ്, തൊഴുത്ത് നിർമ്മാണം, ആട്ടിൻകൂട് നിർമ്മാണം തുടങ്ങിയ ആസ്തിനിർമ്മാണ പ്രോജക്ടുകളാണ് ഏറ്റെടുത്ത് നടപ്പിലാക്കിയത്. കാഷ് ബുക്ക് പ്രകാരമുള്ള 2022-23 വർഷത്തെ വരവ്-ചെലവു കണക്കുകളുടെ സംക്ഷിപ്തം ചുവടെ ചേർക്കുന്നു.

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| കാഷ് | 455257 | 675402 | 1130659 | 450108 | 680551 |
| ഇ.എഫ്.എം.എസ് | 0 | 13604504 | 13604504 | 13604504 | 0 |
| ആകെ | 455257 | 142779906 | 14735163 | 14054612 | 680551 |

വാർഷിക കണക്ക് പ്രകാരമുള്ള വരവ് ചെലവ് തുകകൾ കാഷ് ബുക്ക് പ്രകാരമുള്ള തുകകളുമായി വ്യത്യാസപ്പെട്ടിരിക്കുന്നു. കാഷ് വരവ് ചെലവുകളിൽ കാഷ് ബുക്ക് പ്രകാരമുള്ള തുകകളേക്കാൾ 2074 രൂപ വാർഷിക കണക്കിൽ അധികമായി കാണുന്നു. വ്യത്യാസം വിശദീകരിക്കേണ്ടതാണ്.

## 1-7 സാമൂഹ്യസുരക്ഷ പദ്ധതികൾ

2022-23 വർഷം എലിക്കുളം ഗ്രാമപഞ്ചായത്ത് വിവിധ ക്ഷേമ പദ്ധതികൾക്കായി ചെലവഴിച്ച തുകയുടെ വിശദാംശം, ഗുണഭോക്താക്കളുടെ എണ്ണം എന്നിവ താഴെ ചേർത്തിരിക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 2760 | 4 |
| വാർദ്ധക്യകാലപെൻഷൻ | 26733300 | 2691 |
| കർഷകതൊഴിലാളി പെൻഷൻ | 1714100 | 160 |
| വിധവാപെൻഷൻ | 7462800 | 732 |
| 50 വയസിന് മുകളിലുള്ള അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 466600 | 48 |
| വികലാംഗപെൻഷൻ | 5717600 | 264 |
| വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹ ധനസഹായം | 120000 | 4 |

## 1-8 ക്യാഷ് ബാലൻസ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 10.07.2023 തീയതിയിൽ 3.20 പി എം-ന് ഹെഡ് ക്ലർക്കിന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 3045/- രൂപ ക്യാഷ് നീക്കിയിരിപ്പിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തരനിയന്ത്രണം

ഗ്രാമ പഞ്ചായത്തിൽ ഏർപ്പെടുത്തിയിട്ടുള്ള ആഭ്യന്തരനിയന്ത്രണസംവിധാനം തൃപ്തികരമാണ്. ഓഡിറ്റ് വർഷം ILGMS സോഫ്റ്റ് വെയർ വഴിയാണ് സാമ്പത്തിക വിനിമയങ്ങൾ നടത്തിയിട്ടുള്ളത്. ഡേ ബുക്ക്, കാഷ് ബുക്ക്, ബാങ്ക് ബുക്ക് എന്നിവ ദൈനംദിനം പ്രിന്റ് എടുത്ത് സൂക്ഷിക്കുന്നുണ്ട്. പ്രതിമാസ നീക്കിയിരിപ്പുകളുടെ പൊരുത്തപ്പെടുത്തൽ നടത്തുന്നുണ്ട്. ചെലവ് വൗച്ചറുകൾ പ്രസിഡന്റ്, സെക്രട്ടറി എന്നിവർ സാക്ഷ്യപ്പെടുത്തുന്നുണ്ട്. ഫ്രണ്ട് ഓഫീസ് ഡ്യൂട്ടി രജിസ്റ്റർ സൂക്ഷിക്കുന്നുണ്ട്. രസീത് ബുക്കുകൾക്ക് സ്റ്റോക്ക് രജിസ്റ്റർ പരിപാലിക്കുന്നണ്ട്.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനഓഡിറ്റ് നടത്തിയതീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|

| | | | |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 16.05.2022 | 12/2021 | റിപ്പോർട്ട് ലഭിച്ചിട്ടില്ല |
| അക്കൗണ്ടന്റ്-ജനറലിന്റെ ഓഡിറ്റ് | 25.05.2016 മുതൽ 06.06.2016 വരെ | 2012-13 മുതൽ 2015-16 വരെ | എൽബിഎ (എച്ച്.ക്യൂ)II/8എ-2459/112 തീയതി 05.07.2016 |

## 1-11 ഒരേ റോഡ് തന്നെ വിവിധ രീതികളിൽ വിവിധ കെട്ടിടങ്ങളുടെ വസ്തു നികുതി നിർണ്ണയത്തിനായി പരിഗണിച്ചിരിക്കുന്നു

2011 ലെ കേരള പഞ്ചായത്ത് രാജ് (വസ്തു നികുതിയും സേവന ഉപ നികുതിയും സർചാർജ്ജും) ചട്ടങ്ങൾ ചട്ടം 6 പട്ടിക 2 പ്രകാരം കെട്ടിടത്തിലേക്കുള്ള വഴി സൗകര്യത്തിന്റെ അടിസ്ഥാനത്തിൽ 5 മീറ്ററോ അതിൽ കൂടുതലോ വീതിയുള്ള റോഡിൽ നിന്ന് പ്രവേശന മാർഗ്ഗമുള്ള കെട്ടിടങ്ങൾ(20 % നികുതി വർദ്ധനവ്), 1.5 മീറ്ററോ അതിൽ കുറവോ വഴി സൗകര്യമുള്ള കെട്ടിടങ്ങൾ (10 % നികുതി ഇളവ്) പൊതു വഴി സൗകര്യം ഇല്ലാത്ത കെട്ടിടങ്ങൾ (20 % നികുതി ഇളവ്) എന്നിങ്ങനെ തരം തിരിച്ചിട്ടുണ്ട്. 1.5 മീറ്റർ മുതൽ 5 മീറ്റർ വരെ വീതിയുള്ള റോഡിൽ നിന്ന് പ്രവേശന മാർഗ്ഗമുള്ള കെട്ടിടങ്ങൾക്ക് നികുതി വർദ്ധനവോ ഇളവോ ഇല്ല. വസ്തു നികുതി നിർണ്ണയവുമായി ബന്ധപ്പെട്ട് സഞ്ചയയിൽ നിന്ന് ലഭ്യമായ ഫോം-6 സ്റ്റേറ്റ്മെന്റുകൾ പരിശോധിച്ചതിൽ ഒരേ റോഡ് തന്നെ വിവിധ രീതികളിൽ വിവിധ കെട്ടിടങ്ങളുടെ വസ്തു നികുതി നിർണ്ണയത്തിനായി പരിഗണിച്ചിരിക്കുന്നതായി കാണുന്നു. ചില ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | കെട്ടിട നമ്പർ | ഉടമസ്ഥൻ | റോഡിന്റെ പേര് | പ്രസ്തുത റോഡ് വസ്തു നികുതി നിർണ്ണയത്തിനായി പരിഗണിച്ചിരിക്കുന്ന തരം (ഫോം- 6 പ്രകാരം) |
|---|---|---|---|---|
| 1 | I/69 A | ഡിജോമോൻ ജോയി ജെ | പൈക - ചെങ്ങളം റോഡ് | 1.5 മീറ്ററിൽ കൂടുതൽ വീതിയുള്ള റോഡ് |
| 2 | I/69 B | രഞ്ജിനി മാത്യു | | 5 മീറ്ററോ അതിൽ കൂടുതലോ വീതിയുള്ള റോഡ് |
| 3 | II/396 A | ജോഷി മാത്യു | ഏഴാംമൈൽ - പാമ്പോലി റോഡ് | 5 മീറ്ററോ അതിൽ കൂടുതലോ വീതിയുള്ള റോഡ് |
| 4 | II/407 A | ഷിനി ജോയി | | 1.5 മീറ്ററിൽ കൂടുതൽ വീതിയുള്ള റോഡ് |
| 5 | II/ 495 A | മേരിക്കുട്ടി തോമസ് | പൈക – പിണ്ണാക്കനാട് റോഡ് | 1.5 മീറ്ററിൽ കൂടുതൽ വീതിയുള്ള റോഡ് |
| 6 | II/ 529 A | അലക്സ് കെ തോമസ് | | 5 മീറ്ററോ അതിൽ കൂടുതലോ വീതിയുള്ള റോഡ് |
| 7 | III/ 148 B | ജിൻസി ആന്റണി | കാരക്കുളം - പിണ്ണാക്കനാട് റോഡ് | 1.5 മീറ്ററിൽ കൂടുതൽ വീതിയുള്ള റോഡ് |
| 8 | III/ 172 B | ജോസ് ജോസഫ് | | 5 മീറ്ററോ അതിൽ കൂടുതലോ വീതിയുള്ള റോഡ് |
| 9 | IV/49 D | ഹരികൃഷ്ണൻ ആർ | കുരുവിക്കൂട് - കപ്പാട് റോഡ് | 5 മീറ്ററോ അതിൽ കൂടുതലോ വീതിയുള്ള റോഡ് |

| | | | | |
|---|---|---|---|---|
| 10 | III/ 52 A | രാജപ്പൻ | | 1.5 മീറ്ററിൽ കൂടുതൽ വീതിയുള്ള റോഡ് |

വിശദീകരണം ആവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (07/14.07.2023) അപാകത ഉണ്ടായിട്ടുണ്ടെങ്കിൽ പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണെന്ന് മറുപടി നൽകിയിട്ടുണ്ട്. എല്ലാത്തരം റോഡുകൾക്കും പേരുകൾ നൽകി റോഡ് മാസ്റ്റർ തയ്യാറാക്കി വസ്തു നികുതി നിർണ്ണയിക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്.

**1-12 സമീപകെട്ടിടങ്ങൾക്ക് വ്യത്യസ്ത മേഖലയുടെ അടിസ്ഥാനത്തിൽ വസ്തു നികുതി നിർണ്ണയം നടത്തിയിരിക്കുന്നു**

വസ്തു നികുതി നിർണ്ണയിക്കുന്നതിനായി 2011 ലെ കേരള പഞ്ചായത്ത് രാജ് (വസ്തു നികുതിയും സേവന ഉപ നികുതിയും സർചാർജ്ജും) ചട്ടങ്ങൾ ചട്ടം 6 പട്ടിക 1 പ്രകാരം ഗ്രാമ പഞ്ചായത്തിനെ പ്രഥമം, ദ്വിതീയം (കെട്ടിടങ്ങൾക്ക് 10 % നികുതി ഇളവ്), ത്രിതീയം (കെട്ടിടങ്ങൾക്ക് 20 % നികുതി ഇളവ്) എന്നീ മേഖലകളായി തരം തിരിച്ചിട്ടുണ്ട്. ഗ്രാമ പഞ്ചായത്തിലെ വസ്തു നികുതി നിർണ്ണയം സംബന്ധിച്ച രേഖകളും സഞ്ചയ സോഫ്റ്റ് വെയറിൽ നിന്ന് ലഭ്യമായ ഫോം-6 സ്റ്റേറ്റ്മെന്റുകളും പരിശോധിച്ചതിൽ ഒരേ വ്യക്തികളുടെ പേരിലുള്ള സമീപകെട്ടിടങ്ങൾക്ക് വ്യത്യസ്ത മേഖല അടിസ്ഥാനത്തിൽ വസ്തു നികുതി നിർണ്ണയം നടത്തിയതായി കാണുന്നു. ഉദാഹരണം ചുവടെ ചേർക്കുന്നു.

| ഉടമയുടെ പേര് | കെട്ടിട നമ്പർ | ഉപയോഗക്രമം | മേഖല |
|---|---|---|---|
| ബിജി എബ്രഹാം | I/129 C | പാർപ്പിടാവശ്യം | പ്രഥമം |
| | I/129 A | പാർപ്പിടാവശ്യം | ദ്വിതീയം |
| ബാഹുലൻ ഗോപാലൻ | II/296 B | വാണിജ്യാവശ്യം | പ്രഥമം |
| | II/296 A | പാർപ്പിടാവശ്യം | ദ്വിതീയം |
| കെ ജെ ജോൺ | VI/392 A | പാർപ്പിടാവശ്യം | പ്രഥമം |
| | VI/392 B | പാർപ്പിടാവശ്യം | ദ്വിതീയം |
| സുനിൽകുമാർ കെ | VII/151 C | പാർപ്പിടാവശ്യം | ദ്വിതീയം |
| | VII/151 B | പാർപ്പിടാവശ്യം | ത്രിതീയം |
| സുരേഷ് ബി | VII/369 B | പാർപ്പിടാവശ്യം | ദ്വിതീയം |
| | VII/369 A | പാർപ്പിടാവശ്യം | ത്രിതീയം |

അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (08/14.07.2023) അപാകതയുണ്ടെങ്കിൽ പരിശോധിച്ച് നടപടി സ്വീകരിക്കുന്നതാണെന്ന് മറുപടി നൽകിയിട്ടുണ്ട്. നടപടി സ്വീകരിച്ച് വിവരം അറിയിക്കേണ്ടതാണ്.

**1-13 ഓൺലൈൻ രസീത് വരവുകൾ- ഐ കെ എം-ൽ നിന്നും തുക പഞ്ചായത്തിന് ലഭിക്കുന്നതിന് കാലതാമസം**

വിവിധ സേവനങ്ങൾക്കും നികതി-നികുതിയേതര വരവുകൾക്കും ഓൺലൈനായി തുക ഒടുക്കുന്നത് പഞ്ചായത്തിന്റെ 67391119581 നം. എസ്.ബി.ഐ. അക്കൗണ്ടിലേക്കാണ് ലഭിക്കുന്നത്. ഓൺലൈൻ ആയി ലഭിക്കുന്ന തുക IKM അക്കൗണ്ടിൽ ക്രഡിറ്റ് ചെയ്ത ശേഷം പേമെന്റ് ഗേറ്റ്വേ മുഖേനയാണ് പഞ്ചായത്തിന് ലഭിക്കുന്നത്. എന്നാൽ ടി വരവുകൾ പഞ്ചായത്തിന്റെ അക്കൗണ്ടിലേക്ക് IKM അക്കൗണ്ടിൽ നിന്നും ലഭിക്കുന്നതിന് മാസങ്ങളുടെ കാലതാമസം കാണുന്നു. വിവിധ സേവനങ്ങൾക്കുള്ള ഫീസുൾപ്പടെ ചെറിയ തുകകളും ഈ അക്കൗണ്ടിൽ ലഭിക്കുന്നതിനാൽ ഇടപാടുകളുടെ എണ്ണം കൂടുകയും തുക ഏത് വരവാണ് എന്നും എന്നാണ് തുക അക്കൗണ്ടിലേക്ക് വരവ് വന്നതെന്നും ട്രേസ് ചെയ്യുന്നതിന് സാങ്കേതികമായ ബുദ്ധിമുട്ടുണ്ടാവുകയും ചെയ്യുന്നു. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (03/14.07.2023) നിലവിൽ തുക ലഭ്യമായിട്ടുണ്ടെന്ന് മറുപടി ലഭ്യമായിട്ടുണ്ട്. പഞ്ചായത്തിന് ഓൺലൈനായി ലഭിക്കുന്ന വരവുകൾ കാലതാമസമില്ലാതെ ബാങ്ക് അക്കൗണ്ടിലേക്ക് ലഭ്യമാകുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്. വിവിധ സേവനങ്ങൾക്കും നികതി-നികുതിയേതര വരവുകൾക്കും ഓൺലൈനായി 01.11.2022 മുതൽ 30.06.2023 വരെയുള്ള കാലയളവിൽ ലഭ്യമായ ആകെ തുകയുടെ വിവരം ലഭ്യമാക്കുവാൻ നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (11/17.07.2023) മേൽ കാലയളവിൽ 2286461/- രൂ ലഭ്യമായിട്ടുണ്ടെന്ന് മറുപടി നൽകിയിട്ടുണ്ട്. പഞ്ചായത്തിന് ലഭിക്കേണ്ട ഇത്തരം വലിയ തുകകൾ കൂടുതൽ കാലയളവിൽ മറ്റൊരു അക്കൗണ്ടിൽ നിലനിൽക്കുന്നത് അഭിലഷണീയമല്ല. ഈ വിഷയത്തിൽ പഞ്ചായത്ത് ഭരണ തലത്തിൽ നടപടി സ്വീകരിച്ച് വിവരം അറിയിക്കേണ്ടതാണ്.

## 1-14 അധിക വിഭവസമാഹരണം

**ധനകാര്യ സ്റ്റാൻഡിംഗ് കമ്മറ്റിയുടെ പ്രവർത്തനം**

1. പുതിയ നികുതി വരുമാനം സംബന്ധിച്ച നിർദ്ദേശങ്ങൾ 2022-23 കാലയളവിൽ ധനകാര്യ സ്റ്റാൻഡിംഗ് കമ്മറ്റിയുടെ ഭാഗത്തു നിന്നും ഉണ്ടായിട്ടില്ല.
2. ബജറ്റും വരവുകളുമായുള്ള അന്തരം ധനകാര്യ സ്റ്റാൻഡിംഗ് കമ്മറ്റി പരിശോധിച്ചിട്ടില്ല.
3. വസ്തു നികുതി കുടിശ്ശിക പിരിക്കുന്നതിനായി ക്യാമ്പുകൾ സംഘടിപ്പിച്ചതും നോട്ടീസ് ഉൾപ്പെടെയുള്ള പ്രചാരണ മാർഗ്ഗങ്ങൾ അവലംബിച്ചതും ശ്ലാഘനീയമാണ്.
4. 01.04.2023 ലെ വസ്തു നികുതി പരിഷ്ക്കരണ നിരക്കുകൾ നടപ്പിലാക്കുന്നത് ധനകാര്യ സ്റ്റാൻഡിംഗ് കമ്മറ്റിയുടെ 19.04.2023 ലെ I/1 നമ്പർ തീരുമാനപ്രകാരം ജനറൽ കമ്മറ്റിക്ക് ശുപാർശ ചെയ്തിട്ടുണ്ട്.
5. സർക്കാർ ഉത്തരവ് (കൈ) നമ്പർ 117/2022/LSGD/01.06.2022 സർക്കാർ ഉത്തരവിലെ വ്യവസ്ഥകൾ പാലിക്കുന്നുണ്ട്.

**വസ്തു നികുതി**

1. ബജറ്റിലെ പ്രതീക്ഷിത വരവ്, ഐ എൽ ജി എം എസ് വരവ്, സഞ്ചയ വരവ് എന്നിവ പൊരുത്തപ്പെടുന്നില്ല.
2. 01.04.2023 ലെ വസ്തു നികുതി പരിഷ്ക്കരണ നിരക്കുകൾ നടപ്പിലാക്കിയിട്ടില്ല. സോഫ്റ്റ് വെയർ അപ്ഡേഷൻ നടത്തിയിട്ടില്ല. മേൽ നിരക്കുകൾ 07.07.2023 ലെ കമ്മറ്റിയിൽ അംഗീകരിച്ചിട്ടുള്ളതും അന്തിമ വിജ്ഞാപനത്തിനായി തയ്യാറാക്കിയിട്ടുള്ളതുമാണ്.
3. റോഡ് മാപ്പ് തയ്യാറാക്കിയിട്ടുണ്ടെങ്കിലും സഞ്ചയയിൽ അപ് ലോഡ് ചെയ്തിട്ടില്ല.
4. 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 207, വിവിധ സർക്കാർ ഉത്തരവുകൾ എന്നിവ പ്രകാരം നിശ്ചയിച്ചിട്ടുള്ള ഇളവുകൾ മാത്രമേ വസ്തു നികുതി ഇനത്തിൽ നൽകിയിട്ടുള്ളൂ.
5. അനധികൃത കെട്ടിടങ്ങളുടെ ക്രമവത്ക്കരണത്തിന്റെ മാനുവൽ രജിസ്റ്റർ 2013-14 വർഷം വരെ മാത്രമേ രേഖപ്പെടുത്തിയിട്ടുള്ളൂ. സഞ്ചയ സോഫ്റ്റ്വെയറിലെ അനധികൃത കെട്ടിടങ്ങളുടെ ക്രമവത്ക്കരണത്തിന്റെ രജിസ്റ്റർ പ്രകാരം ഇത്തരം കെട്ടിടങ്ങൾക്ക് യു എ നമ്പർ നൽകി മൂന്നിരട്ടി നികുതി ഈടാക്കുന്നുണ്ട്.

**തൊഴിൽ നികുതി**

1. തൊഴിൽ നികുതി ചട്ടങ്ങൾ പ്രകാരമുള്ള ഡിമാന്റ് നോട്ടീസ് നൽകുകയും നടപടികൾ പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്.
2. തൊഴിൽ നികുതി അടയ്ക്കാനുള്ള ജീവനക്കാരുടെ ഡാറ്റാബേസ് സൂക്ഷിക്കുന്നുണ്ടെങ്കിലും അപൂർണ്ണമാണ്. അഭിഭാഷകർ, കരാറുകാർ, റേഷൻ വ്യാപാരികൾ തുടങ്ങിയവരൊന്നും ഡാറ്റാബേസിൽ ഉൾപ്പെട്ടിട്ടില്ല.
3. നികുതി പത്രികകൾ പരിശോധിച്ച ശേഷമാണ് നികുതി ഈടാക്കുന്നത്.
4. തൊഴിൽ നികുതി രജിസ്റ്റർ പ്രകാരമുള്ള കളക്ഷൻ വിവരങ്ങളും വാർഷിക ധനകാര്യ പത്രികയിലെ വിവരങ്ങളും പൊരുത്തപ്പെടുന്നില്ല.

**വിനോദ നികുതി**

ടർഫ് കോർട്ട്, ഇൻഡോർ സ്റ്റേഡിയം മുതലായവയിൽ നിന്നും വിനോദ നികുതി ഈടാക്കുന്നതിനുള്ള സാധ്യതകൾ ഭരണസമിതി പരിശോധിച്ചിട്ടില്ല.

**നികുതിയേതര വരവുകൾ**

1. ട്രേഡ്സ് ലിസ്റ്റ് പഞ്ചായത്തിൽ തയ്യാറാക്കിയിട്ടുണ്ടെങ്കിലും സഞ്ചയ സോഫ്റ്റ് വെയർ പ്രകാരമുള്ള വാണിജ്യ സ്ഥാപനങ്ങളുടെ വിവരങ്ങളുമായി പൊരുത്തപ്പെടുന്നില്ല. ട്രേഡ്സ് ലിസ്റ്റ് പ്രകാരം 271 സ്ഥാപനങ്ങളാണുള്ളത്. എന്നാൽ സഞ്ചയ സോഫ്റ്റ് വെയർ പ്രകാരം 1369 വാണിജ്യ സ്ഥാപനങ്ങളുണ്ട്. ഇവ തമ്മിൽ വലിയ അന്തരമുണ്ട്.
2. 2010 ൽ പഞ്ചായത്ത് വാങ്ങിയ കാർഷിക യന്ത്രങ്ങളുടെ വാടക സംബന്ധിച്ച ബൈലോ പഞ്ചായത്തിൽ ലഭ്യമല്ല.
3. പഞ്ചായത്തിന്റെ അധീനതയിലുള്ള കെട്ടിടങ്ങൾ യഥാസമയം ലേലം ചെയ്ത് വാടകയ്ക്ക് നൽകുന്നുണ്ട്.

## 1-15 ഫ്രണ്ട് ഓഫീസിൽ സജ്ജീകരിച്ചിരിക്കുന്ന സേവനങ്ങൾ പ്രശംസനീയം

എലിക്കുളം ഗ്രാമ പഞ്ചായത്തിലെ ഫ്രണ്ട് ഓഫീസിൽ പഞ്ചായത്തിലെ സേവനങ്ങൾക്കായി വരുന്ന ജനങ്ങളുടെ റിഫ്രഷ്മെന്റിനായി കോഫീ മെഷീൻ സ്ഥാപിച്ചിട്ടുണ്ട്. കൂടാതെ ജനങ്ങളുടെ ആരോഗ്യം ലക്ഷ്യമിട്ട് ഒരു ഹെൽത്ത് ഡെസ്കും സ്ഥാപിച്ചിട്ടുണ്ട്. ഹെൽത്ത് ഡെസ്കിൽ എലിക്കുളം സി.എച്ച്.സി.യുടെ സഹായത്തോടെ എല്ലാ ദിവസവും ബ്ലഡ് പ്രഷർ, ബ്ലഡ്

ഷുഗർ എന്നിവ സൗജന്യമായി പരിശോധിക്കുവാനുള്ള ക്രമീകരണവും ഏർപ്പെടുത്തിയിട്ടുണ്ട്. പഞ്ചായത്ത് ഭരണ സമിതിയുടെ നേതൃത്വത്തിലുള്ള പ്രസ്തുത സേവനങ്ങൾ പ്രശംസനീയവും മാതൃകാപരവുമാണ്.

## 1-16 ഗ്രാമലക്ഷ്മി മുദ്രാലയത്തിൽ നല്കിയ തുകയ്ക്കുള്ള മുഴുവൻ രജിസ്റ്ററുകളും ഫോമുകളും ലഭിച്ചില്ല

പഞ്ചായത്തിലേക്ക് രജിസ്റ്ററുകളും ഫോമുകളും ലഭ്യമാക്കുന്നതിനായി 88199 രൂപ ചെക്ക് നം.CTS6829581/10.6.22 പ്രകാരം ഗ്രാമലക്ഷ്മി മുദ്രാലയം പാലക്കാട് എന്ന സ്ഥാപനത്തിന് നല്കിയിട്ടുണ്ട്. എന്നാൽ 56829/- രൂപയുടെ ഫോമുകൾ മാത്രമേ നാളിതുവരെ ലഭിച്ചിട്ടുള്ളു. ലഭിക്കാനവശേഷിക്കുന്ന 31370/- രൂപയുടെ രജിസ്റ്ററുകളും ഫോമുകളും ലഭ്യമാക്കി സ്റ്റോക്കിൽ ചേർത്ത് വിവരം അറിയിക്കേണ്ടതാണ്.

## 1-17 സ്മാർട്ട് ഗാർബേജ് മോണിട്ടറിംഗ് സിസ്ററം- പ്രോജക്ട് നടപടികൾ ത്വരിതപ്പെടുത്തേണ്ടതാണ്

സെക്രട്ടറി നിർവ്വഹണം നടത്തിയ പ്രോജക്ട് (നമ്പർ245/23 ഹരിതമിത്രം- മൊബൈൽ ആപ്) പ്രകാരം ധനകാര്യ കമ്മീഷൻ ഗ്രാന്റിൽ നിന്നും വൗച്ചർ നമ്പർ XVFC/22-23/P/25/22.3.23 പ്രകാരം 204900/ രൂപ പിൻവലിച്ച് കെൽട്രോണിലേക്ക് അടവാക്കിയിട്ടുണ്ട്. സർവ്വീസ് ചാർജ്, എസ്.എം.എസ് ചാർജ് എന്നീ ഇനങ്ങളിലാണ് തുക ഒടുക്കിയത്. ഖരമാലിന്യ സംസ്കരണത്തിനായി ഹരിതകേരളം മിഷൻ- ശുചിത്വ മാലിന്യ സംസ്കരണ ഉപദൗത്യത്തിനു കീഴിൽ സംസ്ഥാനത്തെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ വാതിൽപ്പടി ശേഖരണം- മിനി എം.സി.എഫ്, എം.സി.എഫ്, ആർ.ആർ.എഫ്, ക്ലീൻകേരള കമ്പനി മുഖേനയുള്ള പാഴ് വസ്തു ശേഖരണം, ഗാർഹിക - സ്ഥാപന- പൊതുസ്ഥലങ്ങളിൽ ജൈവ മാലിന്യ സംസ്കരണം തുടങ്ങിയ ശൃംഖലാ സംവിധാനം രൂപപ്പെട്ടിട്ടുണ്ട്. ഈ സംവിധാനത്തിന് കീഴിലെ പ്രവർത്തനങ്ങൾ, പ്രായോഗിക തലത്തിലെ ന്യൂനതകൾ, ഓരോ തലങ്ങളിലേയും ഭൗതിക സാമ്പത്തിക നേട്ടങ്ങൾ അവയുടെ പുരോഗതി എന്നിവ വാർഡ് തലം മുതൽ സംസ്ഥാന തലം വരെ ഏകീകൃത ഓൺലൈൻ പ്ലാറ്റ് ഫോമിലൂടെ നിരീക്ഷിക്കുന്നതിനുള്ള സംവിധാനമാണ് സ്മാർട്ട് ഗാർബേജ് മോണിട്ടറിംഗ് സിസ്ററം. ഇതിനായി പഞ്ചായത്തിലെ വീടുകൾ, കടകൾ, മറ്റ് സ്ഥാപനങ്ങൾ എന്നിവിടങ്ങളിൽ QR കോഡ് പതിപ്പിക്കേണ്ടതുണ്ട്. ഈ ആവശ്യത്തിലേക്കായി കെൽട്രോണിൽ നിന്നും 13000/ QR കോഡുകൾ വാങ്ങുന്നതിന് തുക ഒടുക്കിയിരുന്നു. QR കോഡുകൾ ലഭ്യമായതിന്റേയും ആയത് ഗ്രാമ പഞ്ചായത്തിലെ വീടുകൾ, കടകൾ, മറ്റ് സ്ഥാപനങ്ങൾ എന്നിവിടങ്ങളിൽ പതിപ്പിച്ചതിന്റേയും പ്രോജക്ടിന്റെ നിലവിലെ പുരോഗതി സംബന്ധിച്ച വിശദാംശങ്ങളും ലഭ്യമാക്കേണ്ടതാണ് എന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 20/19.7.23 ന് ലഭ്യമാക്കിയ മറുപടിയിൽ ആകെ 10206 കെട്ടിടങ്ങളാണ് നിലവിൽ ഉള്ളത് എന്നും 2025 കെട്ടിടങ്ങളിൽ QR കോഡുകൾ പതിപ്പിച്ചിട്ടുണ്ട് എന്നും വിശദമാക്കിയിട്ടുണ്ട്. നാളിതുവരെ 20% കെട്ടിടങ്ങളിലാണ് QR കോഡുകൾ പതിപ്പിച്ചിട്ടുള്ളത്. എല്ലാ കെട്ടിടങ്ങളിലും QR കോഡുകൾ പതിപ്പിച്ചാൽ മാത്രമേ പ്രോജക്ട് ലക്ഷ്യം പൂർത്തീകരിക്കുവാൻ സാധിക്കുകയുള്ളൂ. ഹരിതകർമ്മ സേനാംഗങ്ങൾക്ക് വീടുകൾ സന്ദർശിച്ച് ക്യൂ ആർ കോഡ് പതിക്കുന്നത് ഉൾപ്പെടെയുള്ള പ്രവൃത്തികൾ പൂർത്തീകരിക്കുന്നതിന് സാധിക്കാത്തപക്ഷം സ്മാർട്ട് ഗാർബേജ് മോണിട്ടറിംഗ് സിസ്ററം.- പ്രവർത്തന മാർഗ്ഗരേഖ സ.ഉ. (സാധാ) നം.2341/2022/LSGD തീയതി 26.09.2022 ഉത്തരവിൽ പ്രതിപാദിക്കുന്ന മറ്റ് മാർഗ്ഗങ്ങൾ സ്വീകരിച്ച് പ്രോജക്ട് ലക്ഷ്യം കൈവരിക്കേണ്ടതാണ്.

## 1-18 കുടുംബശ്രീ ഹെൽപ് ഡെസ്ക്ക്- പ്രവർത്തനസജ്ജമാക്കിയില്ല

സെക്രട്ടറി നിർവ്വഹണം നടത്തിയ പ്രോജക്ട് (നമ്പർ266/23) കുടുംബശ്രീ ഹെൽപ് ഡെസ്ക്കിലേക്ക് കമ്പ്യൂട്ടർ പ്രിന്റർ. യുപിഎസ് വാങ്ങൽ) പ്രകാരം വികസനഫണ്ടിൽ നിന്നും ബിൽ നമ്പർ 31/22-23/20.02.23പ്രകാരം 113935/ രൂപ പിൻവലിച്ച് കമ്പ്യൂട്ടർ പ്രിന്റർ, യുപിഎസ് മുതലായ ഉപകരണങ്ങൾ വാങ്ങിയിട്ടുണ്ട്. കുടുംബശ്രീ ഹെൽപ് ഡെസ്ക്ക് ആരംഭിക്കുന്നതിനാണ് ഉപകരണങ്ങൾ വാങ്ങിയിട്ടുള്ളത്. കെ എം ടെക്നോളജീസ് എന്ന സ്ഥാപനത്തിൽ നിന്നും 49959 രൂപയുടെ ഡെസ്ക് ടോപ്പ് കമ്പ്യൂട്ടറും (ഇൻവോയിസ് നം. KMR/22-23-2006/02.02.2023) ഇതേ സ്ഥാപനത്തിൽ നിന്നും 24977 രൂപയ്ക്ക് പ്രിന്ററും (ഇൻവോയിസ് നം.KMR/22-23/1991/01.02.2023) വാങ്ങിയിട്ടുണ്ട്. കൂടാതെ ഹൈകോൺ ഇൻഡ്യാ ലിമിറ്റഡ് എന്ന സ്ഥാപനത്തിൽ നിന്നും 39000/- രൂപയുടെ യു പി എസും (ഇൻവോയിസ് നം.OLGB/2223006245/20.01.2023) വാങ്ങി കുടുംബശ്രീക്ക് കൈമാറിയിട്ടുണ്ട്. എന്നാൽ കുടുംബശ്രീ ഹെൽപ് ഡെസ്ക്ക് പ്രവർത്തിക്കുന്നതിനായുള്ള കെട്ടിടം നിലവിൽ അടഞ്ഞുകിടക്കുകയാണ്. പ്രോജക്ട് വിഭാവനം ചെയ്തതുപോലെ കുടുംബശ്രീ ഹെൽപ് ഡെസ്ക്ക് പ്രവർത്തനക്ഷമമാക്കാത്തതിന്റെ കാരണം വ്യക്തമാക്കേണ്ടതാണ് എന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 14/17.7.23 ന് ലഭ്യമാക്കിയ മറുപടിയിൽ കുടുംബശ്രീ ഹെൽപ് ഡെസ്ക്ക് പ്രവർത്തിപ്പിക്കുന്നതിനായി

ഉദ്ദേശിച്ചിരുന്ന കെട്ടിടത്തിൽ എല്ലാ സേവനങ്ങളും നൽകുന്നതിനുള്ള സൗകര്യം ഇല്ലാത്തതിനാൽ പഞ്ചായത്ത് ഓഫീസിനുള്ളിലാണ് നിലവിൽ പ്രവർത്തിക്കുന്നത് എന്നും അടുത്ത വർഷത്തെ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി പ്രസ്തുത കെട്ടിടം നവീകരിക്കുന്നതാണ് എന്നും അറിയിച്ചിട്ടുണ്ട്. കെട്ടിടം നവീകരിക്കുകയോ അല്ലാത്ത പക്ഷം ഉചിതമായ സ്ഥലസൗകര്യം കണ്ടെത്തി കുടുംബശ്രീ ഹെൽപ് ഡെസ്ക്ക് പ്രവർത്തിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുകയോ ചെയ്യേണ്ടതാണ് .

## 1-19 വിനിയോഗ / പൂർത്തീകരണ വിവരങ്ങൾ ലഭ്യമല്ല

2022-23 സാമ്പത്തിക വർഷം സെക്രട്ടറി നിർവ്വഹണം നടത്തിയ വിവിധ പ്രോജക്ടുകളുടെ ഫയലിൽ പ്രോജക്ടിന്റെ പൂർത്തീകരണ വിനിയോഗ വിവരങ്ങൾ ഉൾപ്പെടുത്തിയിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | പ്രോജക്ട് നമ്പർ പേര് | ഒടുക്കിയ തുക | ബിൽ നമ്പർ തീയതി | തുക ഒടുക്കിയ സ്ഥാപനം |
|---|---|---|---|---|
| 1 | 104/23 പി എം എ വൈ വിഹിതം നൽകൽ | 140000 (എസ് സി പി) | 14/ 26.09.22 | പാമ്പാടി ബ്ലോക്ക് പഞ്ചായത്ത് |
| 2 | 312/23 കുഴൽ കിണർ നിർമ്മാണം- ടേക്ക് എ ബ്രേക്ക് നാലാം മൈൽ ശുചിത്വ സമുച്ചയം | 75805 (ധന. ഗ്രാന്റ്) | XVFC/22-23/P/33/ 27.3.23 | ഗ്രൗണ്ട് വാട്ടർ ഡിപ്പാർട്ട്മെന്റ് |
| 3 | 17/23സ്ട്രീറ്റ് മെയിൻ ദീർഘിപ്പിക്കൽ | 1358000 (ധന. ഗ്രാന്റ്) + 242000 ( തനത് ഫണ്ട് | XVFC/22-23/P/11/ 18.3.23 Vr.22201152/ 25.3.23 | ഗ്രൗണ്ട് വാട്ടർ ഡിപ്പാർട്ട്മെന്റ് |
| 4 | 272/23 പി എം എ വൈ വിഹിതം നൽകൽ | 70000 വി.ഫണ്ട് | 24/06.01.23 | പാമ്പാടി ബ്ലോക്ക് പഞ്ചായത്ത് |
| 5 | 90/23 എസ്.എസ്.എ. വിഹിതം നൽകൽ | 100000 വി.ഫണ്ട് | 8/27.08.22 | എസ്.എസ്.എ. കോട്ടയം |
| | ആകെ | 1985805 | | |

മേൽ പ്രസ്താവിച്ച പ്രോജക്ടുകളുടെ വിനിയോഗ പൂർത്തീകരണ വിവരങ്ങൾ പരിശോധനക്ക് ലഭ്യമാക്കേണ്ടതാണ് എന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 15/22-23/ 17.07.23 ന് ലഭ്യമാക്കിയ മറുപടിയിൽ സ്ഥാപനങ്ങളിൽ നിന്നും വിനിയോഗ / പൂർത്തീകരണ വിവരങ്ങൾ വാങ്ങി ഹാജരാക്കുന്നതാണ് എന്ന് അറിയിച്ചിട്ടുണ്ട്. വിനിയോഗ / പൂർത്തീകരണ വിവരങ്ങൾ ലഭ്യമാക്കാത്ത സാഹചര്യത്തിൽ 1985805/-രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-20 വിശപ്പ് രഹിതകേരളം- ജനകീയഹോട്ടൽ പ്രവർത്തനം നിലച്ചു

വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ നിർവ്വഹണം നടത്തിയ പ്രോജക്ട് (നമ്പർ79/23) പ്രകാരം വികസനഫണ്ടിൽ നിന്നും ബിൽ നമ്പർ 1/22-23/16.05. 22പ്രകാരം 57869/ രൂപ പിൻവലിച്ചിട്ടുണ്ട്. ഹോട്ടൽ പ്രവർത്തിക്കുന്ന XV/431 നമ്പർ കെട്ടിടത്തിന്റെ വാടക നൽകുന്നതിനും പ്രസ്തുത കെട്ടിടത്തിലെ കറണ്ട് ബിൽ അടക്കുന്നതിനുമാണ് തുക ചെലവഴിച്ചിട്ടുള്ളത്. നിലവിൽ ജനകീയ ഹോട്ടൽ പ്രവർത്തിക്കുന്നില്ല എന്നാണ് അറിയിച്ചിട്ടുള്ളത്. മേൽ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 16/17.7.23 ന് ലഭ്യമാക്കിയ മറുപടിയിൽ വാടക കരാർ പ്രകാരം ഹോട്ടൽ പ്രവർത്തിച്ചാലും ഇല്ലെങ്കിലും കെട്ടിട വാടകയും കറണ്ട് ചാർജും നൽകേണ്ടതാണ് എന്നാണ് അറിയിച്ചിട്ടുള്ളത്. നിലവിൽ ജനകീയ ഹോട്ടൽ പ്രവർത്തിക്കുന്നില്ലാത്തതിനാൽ കരാർ പ്രകാരം കെട്ടിട വാടകയും കറണ്ട് ചാർജും നൽകേണ്ടി

വരും. ആയതിനാൽ ജനകീയ ഹോട്ടൽ പ്രവർത്തിപ്പിക്കുന്നതിനുള്ള സാദ്ധ്യതകൾ അടിയന്തിരമായി പരിശോധിക്കേണ്ടതും ഉചിതമായ തീരുമാനം കൈക്കൊള്ളേണ്ടതുമാണ്. സ്ഥാപനം പ്രവർത്തിപ്പിക്കാതിരിക്കുകയും വാടക കരാർ റദ്ദാക്കാതിരിക്കുകയും ചെയ്താൽ ഉണ്ടാകുന്ന സാമ്പത്തിക ചെലവ് നിർവ്വഹണ ഉദ്യോഗസ്ഥന്റെ ബാദ്ധ്യതയായി മാറുന്ന സാഹചര്യമാണ് നിലനിൽക്കുന്നത്.

**1-21 ഇ ഓട്ടോ പ്രവർത്തനക്ഷമമല്ല. വാഹനം വാടകയ്ക്ക് എടുക്കേണ്ട സാഹചര്യം നിലനിൽക്കുന്നു**

വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ നിർവ്വഹണം നടത്തിയ പ്രോജക്ട് (നമ്പർ82/23 ഹരിതകർമ്മസേന വി.ജി.എഫ്) പ്രകാരം ധനകാര്യ കമ്മീഷൻ ഗ്രാന്റിൽ നിന്നും വൗച്ചർ നമ്പർ XVFC/22-23/P/28/22.3.23 പ്രകാരം 56531/ രൂപ പിൻവലിച്ച് ചെലവഴിച്ചിട്ടുണ്ട്. ഫയൽ പരിശോധിച്ചതിൽ മിനി എം സി എഫുകളിൽ നിന്നും സംഭരിച്ച് വച്ചിട്ടുള്ള പ്ലാസ്റ്റിക് മെയിൻ എം സി എഫിൽ എത്തിച്ചതിന്റെ വാഹന വാടക ഇനത്തിലാണ് തുക ചെലവഴിച്ചിട്ടുള്ളത്. പ്രോജക്ട് നമ്പർ 229/23 ഹരിതകർമ്മസേന തുടർ പ്രവർത്തനങ്ങൾ എന്ന പ്രോജക്ടിൽ നിന്നും ഇതേ ആവശ്യത്തിന് 100000/- രൂപ (ധനകാര്യ കമ്മീഷൻ ഗ്രാന്റ്) ചെലവഴിച്ചിട്ടുണ്ട്. ഹരിത കർമ്മസേന പ്രവർത്തനങ്ങൾക്കായി പ്രോജക്ടിൽ ഉൾപ്പെടുത്തി ഇ- ഓട്ടോ വാങ്ങിയിരുന്നു. ഈ സാഹചര്യത്തിൽ വാടക വാഹനം വിളിക്കേണ്ട സാഹചര്യം വിശദമാക്കേണ്ടതാണ് എന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 17/ 17.7.23 ന് ലഭ്യമാക്കിയ മറുപടിയിൽ ഇ-ഓട്ടോ രജിസ്ട്രേഷൻ കഴിഞ്ഞ് എത്തിയത് 2022 എപ്രിൽ അവസാനമാണ് എന്നും പ്രസ്തുത വണ്ടി ഓടിക്കുന്നതിന് ലൈസൻസുള്ള ഹരിതകർമ്മസേനാംഗങ്ങൾ ഇല്ലായിരുന്നു എന്നുമാണ് അറിയിച്ചിട്ടുള്ളത്. പ്രോജക്ട് പ്രകാരം വാഹനം വാങ്ങുകയും, വാഹനം ഓടിക്കാൻ ആളില്ലാത്തതിനാൽ വാടകയ്ക്ക് വാഹനം വിളിക്കേണ്ട സാഹചര്യം ഉണ്ടായതും ശരിയായ ആസൂത്രണം ഇല്ലാതെ പ്രോജക്ട് നടപ്പാക്കിയത് മൂലമാണ്. വാഹനത്തിന്റെ ലോഗ് ബുക്ക് പരിശോധിച്ചതിൽ 16.01.2023 വരെ മാത്രമേ വാഹനം ഉപയോഗിച്ചതിന്റെ വിവരം രേഖപ്പെടുത്തിയിട്ടുള്ളൂ. നിലവിൽ വാഹനം കേടായ അവസ്ഥയിലാണ് എന്നാണ് വാഹനം കേടായത് എന്നും വ്യക്തതയില്ല. വാഹനം അടിയന്തിരമായി നന്നാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്. കമ്പനി വാഹനത്തിന്റെ കേടുപാടുകൾ തീർക്കുന്നില്ല എങ്കിൽ നിയമാനുസൃതം നടപടികൾ സ്വീകരിക്കേണ്ടതാണ്.

**1-22 നമ്മുടെ ഗ്രാമം സുന്ദരഗ്രാമം- പ്രോജക്ട് ലക്ഷ്യം കൈവരിച്ചില്ല**

കൃഷി ഓഫീസർ നിർവ്വഹണം നടത്തിയ പ്രോജക്ട് (നമ്പർ130/23 നമ്മുടെ ഗ്രാമം സുന്ദരഗ്രാമം) പ്രകാരം വികസന ഫണ്ടിൽ നിന്നും ബിൽ നമ്പർ 26/23/ തീയതി 28.3.23 പ്രകാരം 200000/ രൂപ പിൻവലിച്ച് ചെലവഴിച്ചിട്ടുണ്ട്. കേരള ആഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷൻ തിരുവല്ലയിൽ നിന്നും റമ്പുട്ടാൻ തൈകൾ- 400 എണ്ണം, പേര തൈകൾ- 358 എണ്ണം, നെല്ലി- 100എണ്ണം, ചാമ്പതൈകൾ - 400 എണ്ണം എന്നിങ്ങനെ തൈകൾ വാങ്ങി തൊഴിലുറപ്പ് വിഭാഗത്തിന് കൈമാറിയിട്ടുണ്ട്. കൈപ്പറ്റിയ തൈകൾ ഏതൊക്കെ സ്ഥലങ്ങളിലാണ് നടുന്നതെന്നുള്ള വിവരം ഫയലിൽ ലഭ്യമല്ല. കൈപ്പറ്റിയ തൈകൾ നട്ടതിന്റെ വിവരം തൊഴിലുറപ്പ് വിഭാഗത്തിൽ നിന്നും ലഭ്യമാക്കി പരിശോധനക്ക് ഹാജരാക്കേണ്ടതാണ് എന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 23/20.07.23 ന് മറുപടി ലഭ്യമാക്കിയില്ല. തൈകൾ നടുന്നതിനും പരിപാലിക്കുന്നതിനുമുള്ള നടപടികൾ സ്വീകരിക്കുന്നതാണ് എന്ന് എക്സിറ്റ് മീറ്റിംഗിൽ അറിയിച്ചിട്ടുണ്ട്. പ്രോജക്ട് ലക്ഷ്യം കൈവരിച്ചതിന്റെ രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കാത്ത സാഹചര്യത്തിൽ 200000/ രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

**1-23 ലൈഫ് ഭവന നിർമ്മാണം- മാർഗ്ഗരേഖയ്ക്ക് വിരുദ്ധമായി റൂഫ് നിർമ്മിച്ചു**

വി ഇ ഒ നിർവ്വഹണോദ്യോഗസ്ഥനായി പ്രോജക്ട് നമ്പർ 58/23 ൽ ഉൾപ്പെടുത്തി ഭവന നിർമ്മാണത്തിന് ധനസഹായം അനുവദിച്ച ശ്രീമതി.സ്മിതാമോൾ.കെ.എസ്, കുളത്തകത്ത് ചെങ്ങളം.പി.ഒ, ശ്രീമതി.സൗമ്യാമോൾ.കെ.എസ്, കുളത്തകത്ത് ചെങ്ങളം.പി.ഒ, എന്നീ രണ്ട് ഗുണഭോക്താക്കളുടെ ഫയൽ പരിശോധിച്ചതിൽ വീടിന്റെ റൂഫ് നിർമ്മിച്ചിട്ടുള്ളത് ഷീറ്റ് ഉപയോഗിച്ചാണ് എന്ന് കാണുന്നു. സ.ഉ (കൈ) നം 34/2018/ തസ്വഭവ തീയതി 16.03.2018 ഖണ്ഡിക 7 പ്രകാരം വീടിന് സ്ഥിരമായ മേൽക്കൂര ഉണ്ടായിരിക്കേണ്ടതാണ് എന്നും, മേൽക്കൂര ഗാൽവനൈസ്ഡ് സ്റ്റീൽ /തടി ഫ്രെയിമിൽ ഓട് പാകുകയോ, കോൺക്രീറ്റ് ചെയ്യുകയോ ചെയ്യേണ്ടതാണ് എന്ന് വ്യക്തമാക്കിയിട്ടുണ്ട്. മേൽ ഉത്തരവിലെ വ്യവസ്ഥകൾക്ക് വിരുദ്ധമായി മേൽക്കൂര നിർമ്മിച്ചത് സംബന്ധിച്ച് വിശദീകരണം ലഭ്യമാക്കേണ്ടതാണ് എന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 27/20.07.23 ന് ലഭ്യമാക്കിയ മറുപടിയിൽ നിർവ്വഹണ ഉദ്യോഗസ്ഥയുടെ നിർദ്ദേശം അവഗണിച്ച് മേൽ പ്രസ്താവിച്ച പ്രകാരം റൂഫ് നിർമ്മിച്ചതാണ് എന്ന് അറിയിച്ചിട്ടുണ്ട്. ഇക്കാരണത്താൽ തന്നെ തുടർന്ന് ധനസഹായം നൽകിയിട്ടില്ല എന്നാണ്

അറിയിച്ചിട്ടുള്ളത്. സർക്കാർ ഉത്തരവിൽ പ്രതിപാദിച്ചിരിക്കുന്ന റൂഫ് നിർമ്മാണം പൂർത്തീകരിച്ചതിനുശേഷം അനുവദിക്കാനുള്ള ബാക്കി ധനസഹായം അനുവദിക്കേണ്ടതാണ്.





**1-24 തേൻ ഗ്രാമം പ്രോജക്ട് - വിശദാംശങ്ങൾ ലഭ്യമായില്ല**

കൃഷി ഓഫീസർ നിർവ്വഹണം നടത്തിയ പ്രോജക്ട് (നമ്പർ126/23 തേൻ ഗ്രാമം) പ്രകാരം വികസന ഫണ്ടിൽ നിന്നും നിന്നും ബിൽ നമ്പർ 10/23/ തീയതി 8. 2. 23 പ്രകാരം 141750/ രൂപയും, ബിൽ നമ്പർ 14/23/ തീയതി 23.2.23പ്രകാരം 10000/ രൂപയും ഉൾപ്പടെ ആകെ 151750/രൂപ പിൻവലിച്ച് ചെലവഴിച്ചിട്ടുണ്ട്. റോയൽ ബീ കീപ്പിംഗ് നഴ്സറി, കുളനട, പത്തനംതിട്ട എന്ന സ്ഥാപനത്തിൽ നിന്നും 1200/-രൂപ നിരക്കിൽ 190 വൻതേനീച്ചപ്പെട്ടിയും, 200 രൂപ നിരക്കിൽ 190 സ്റ്റാന്റും വാങ്ങി വിതരണം ചെയ്തിട്ടുണ്ട്. വാങ്ങിയ തേനീച്ചപെട്ടികൾ 16 ഗുണഭോക്താക്കൾക്കായാണ് വിതരണം ചെയ്തിരിക്കുന്നത്. ചില ഗുണഭോക്താക്കൾക്ക് 25 എണ്ണം വീതം തേനീച്ച പെട്ടികൾ വിതരണം ചെയ്തിട്ടുണ്ട്. പ്രസ്തുത വാങ്ങലിന് ക്വട്ടേഷൻ നടപടികൾ പാലിച്ചിട്ടുണ്ടെങ്കിൽ വിശദാംശങ്ങൾ പരിശോധനക്ക് ഹാജരാക്കേണ്ടതാണ്. ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ളവർക്കാണ് വിതരണം ചെയ്തത് എങ്കിലും തേനീച്ചപ്പെട്ടികൾ വിതരണം ചെയ്തപ്പോൾ ഗുണഭോക്താക്കളുടെ വ്യക്തിഗത അപേക്ഷകൾ വാങ്ങി സൂക്ഷിക്കാതെയാണ് വിതരണം നടത്തിയിട്ടുള്ളത്. ആയതിനാൽ വിതരണം സംബന്ധിച്ച ആധികാരികത പരിശോധിക്കുന്നതിന് സാധിച്ചിട്ടില്ല. അപാകത സംബന്ധിച്ച് വിശദീകരണം ലഭ്യമാക്കേണ്ടതാണ് എന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 24/20.07.23 ന് മറുപടി ലഭ്യമാക്കിയില്ല. മേൽ സാഹചര്യത്തിൽ 151750/രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

**1-25 നെൽകൃഷി വികസനം പ്രോജക്ട് ലഭ്യമായ യന്ത്രങ്ങൾ ഉപയോഗിച്ചില്ല**

കൃഷി ഓഫീസർ നിർവ്വഹണം നടത്തിയ പ്രോജക്ട് (നമ്പർ93/23 നെൽകൃഷി വികസനം) പ്രകാരം വികസന ഫണ്ടിൽ നിന്നും ബിൽ നമ്പർ 3/23/ തീയതി 4.2..23 പ്രകാരം 204000 രൂപയും, ബിൽ നമ്പർ 5/23/ തീയതി 4.2.2023 പ്രകാരം 57960 രൂപയും, ബിൽ നമ്പർ 12/23/ തീയതി 20.2.2023 പ്രകാരം 26195 രൂപയും, ബിൽ നമ്പർ 13/23/ തീയതി 23.2.2023 പ്രകാരം 1254 രൂപയും, ഉൾപ്പടെ ആകെ 289409/- രൂപ പിൻവലിച്ച് ചെലവഴിച്ചിട്ടുണ്ട്. നെൽകൃഷി ചെയ്യുന്നതിനുള്ള അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നതിനായാണ് തുക അനുവദിച്ചിട്ടുള്ളത്. ഗ്രാമ പഞ്ചായത്തിലെ മൂന്ന് നാല് വാർഡുകളിലാണ് പാടശേഖരങ്ങൾ ഉൾപ്പെടുന്നത്. ഫയൽ പരിശോധിച്ചതിൽ നിലം ഉഴുന്നതിനായി പാടശേഖരങ്ങൾ ടില്ലർ വാടകയ്ക്ക് എടുത്ത് ഉപയോഗിക്കുകയാണ് ചെയ്തിട്ടുള്ളത്. 2010-11 സാമ്പത്തിക വർഷം പ്രോജക്ട് നമ്പർ 3/11 പ്രകാരം പവർ ടില്ലറും അനുബന്ധ ഉപകരണങ്ങളും, പ്രോജക്ട് നമ്പർ 2/11 പ്രകാരം കൊയ്ത്ത് യന്ത്രവും വാങ്ങി നിലവിലെ നാലാം വാർഡിൽ ഉൾപ്പെടുന്ന കാരക്കുളം പാടശേഖര സമിതിക്ക് (2010-11 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 3-6 കാണുക) കൈമാറിയിരുന്നു. പ്രസ്തുത യന്ത്രങ്ങൾ തൻവർഷം പ്രോജക്ട് നടത്തിപ്പിന് ഉപയോഗിച്ചിട്ടുള്ളതായി കാണുന്നില്ല. യന്ത്രങ്ങളുടെ നിലവിലെ സ്ഥിതി വിവരങ്ങൾ ഓഡിറ്റിൽ ലഭ്യമാക്കേണ്ടതാണ് എന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 26/20.07.23 ന് മറുപടി ലഭ്യമാക്കിയില്ല. പ്രോജക്ട് പ്രകാരം പാടശേഖര സമിതിക്ക് വാങ്ങി കൈമാറിയ പവർ ടില്ലറും, കൊയ്ത്ത് യന്ത്രവും പ്രവർത്തനക്ഷമമമാണോ എന്ന് പരിശോധിച്ച് വിശദാംശങ്ങൾ സഹിതം ഓഡിറ്റിൽ മറുപടി ലഭ്യമാക്കേണ്ടതാണ്.

**1-26 വികസന ഫണ്ട് വിഹിതം വകയിരുത്തിയ പ്രോജക്ടുകൾ - സാമ്പത്തിക മിതത്വം പാലിക്കേണ്ടതാണ്**

ഐ.സി.ഡി.എസ് സൂപ്പർവൈസർ നിർവ്വഹണം നടത്തിയ വികസന ഫണ്ട് വിഹിതം വകയിരുത്തിയ പ്രോജക്ടുകൾ പ്രകാരം വിവിധ പരിപാടികൾ നടത്തിയതിന് ഭക്ഷണ ചെലവിനത്തിൽ കൂടുതൽ തുകകൾ ചെലവഴിച്ചതായി കാണുന്നു.വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു

| പ്രോജക്ട് നം/പേര് | അടങ്കൽ | ചെലവ് | ചെലവഴിച്ച തുക |
|---|---|---|---|
| 216/23<br>സ്ത്രീ പദവി പഠനം | വികസന ഫണ്ട് (ജനറൽ)-200000 | 28360 | ഭക്ഷണം-25360<br>ഓണറേറിയം-3000 |
| 205/23<br>ബാലസൗഹൃദ പഞ്ചായത്ത് | വികസന ഫണ്ട് (ജനറൽ)-52371 | 13763 | ഭക്ഷണം-9620<br>സ്റ്റിക്കർ-493<br>ഫയൽ-650<br>മൈക്ക്-3000<br>മറ്റുചെലവുകൾ-4143 |
| 207/23<br>വനിതാ കലാമേള | വികസന ഫണ്ട് (ജനറൽ)-50000 | 24400 | ഭക്ഷണം-13100<br>സമ്മാനം-6300<br>ജനറേറ്റർ-5000<br>മറ്റുചെലവുകൾ-11300 |
| 212/23<br>വയോജനങ്ങളുടെ കലാമേള | വികസന ഫണ്ട് (ജനറൽ)-45000 | 43021 | ഭക്ഷണം-20120<br>മൈക്ക്-11000<br>ട്രോഫി-9720<br>പ്രിന്റിംഗ്-1740<br>സ്റ്റേഷനറി-441<br>മറ്റുചെലവുകൾ-22901 |

വികസന ഫണ്ട് വിഹിതം ചെലവഴിച്ച മേൽ പ്രോജക്ടുകൾ പ്രകാരം ഭക്ഷണചെലവിനത്തിൽ സാമ്പത്തിക മിതത്വം പാലിക്കാതിരുന്നതിന് വിശദീകരണം ലഭ്യമാക്കാനാവശ്യപ്പെട്ടു നല്കിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.28/20.7.23 ) സമൂഹത്തിലെ ഏറ്റവും പരിചരണവും ശ്രദ്ധയും ആവശ്യമുള്ള ആളുകൾക്ക് വേണ്ടി നടപ്പാക്കിയ പ്രോജക്ടുകളിൽ അവരെ വിളിച്ചു ചേർക്കുമ്പോൾ ഭക്ഷണം നല്കണമെന്ന് പ്രോജക്ടിൽ നിർദ്ദേശിച്ചിരുന്നതിനാലാണ് ഭക്ഷണ ചെലവിനത്തിൽ തുക ചെലവഴിച്ചത് എന്നും വരും വർഷങ്ങളിൽ അപാകതകൾ ഉണ്ടാകാതെ ശ്രദ്ധിച്ചു കൊള്ളാമെന്നും മറുപടി നല്കി.

സർക്കാർ വിവിധ വികസന പ്രവർത്തനങ്ങൾക്കായി നല്കുന്ന പദ്ധതിപ്പണം വിനിയോഗിച്ച് പ്രോജക്ടുകൾ നടപ്പിലാക്കുമ്പോൾ ഭക്ഷണ ചെലവിനത്തിൽ തുകകൾ മിതമായി വിനിയോഗിക്കേണ്ടതും സാമ്പത്തിക അച്ചടക്കം പാലിക്കാൻ ശ്രദ്ധിക്കേണ്ടതുമാണ്. സർക്കാർ പണം ദുർവിനിയോഗം ചെയ്യപ്പെടുന്നില്ല എന്ന് ഉറപ്പുവരുത്തി പ്രോജക്ടുകൾ നിർവ്വഹണം ചെയ്യുവാൻ ഭരണ സമിതി കൂടുതൽ ശ്രദ്ധ പുലർത്തേണ്ടതാണ്.

**1-27 ഭിന്നശേഷിക്കാർക്ക് വിനോദയാത്ര എന്ന പ്രോജക്ട് സുലേഖ എക്സ്പെൻഡിച്ചർ പത്രികയിൽ ഉൾപ്പെട്ടിട്ടില്ല**

ഐ.സി.ഡി.എസ് സൂപ്പർവൈസർ നിർവ്വഹണം നടത്തിയ പ്രോജക്ട് നം. 84/23 ,ഭിന്നശേഷിക്കാർക്ക് വിനോദയാത്ര എന്ന പ്രോജക്ട് (സ്പിൽ ഓവർ) പ്രകാരം തനത് ഫണ്ട് 127560 രൂപ (വൗച്ചർ നം.22200149/12.5.22) ചെലവഴിച്ചിട്ടുണ്ട്. എന്നാൽ ടി പ്രോജക്ടും ചെലവും സുലേഖ എക്സ്പെൻഡിച്ചർ പത്രികയിൽ ഉൾപ്പെട്ടിട്ടില്ലാത്തതായി കാണുന്നു. അപാകതയ്ക്ക് വിശദീകരണം ലഭ്യമാക്കാനാവശ്യപ്പെട്ടു നല്കിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.30/20.7.23) മറുപടി ലഭ്യമാക്കിയില്ല. പ്രോജക്ട് സുലേഖ എക്സ്പെൻഡിച്ചർ പത്രികയിൽ ഉൾപ്പെടാതിരുന്നതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

## 1-28 കെഎഎസ്/പിഎസ് സി പരിശീലനത്തിന് വിഹിതം നൽകൽ- വിനിയോഗസാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല

| | |
|---|---|
| പ്രോജക്ട് നമ്പർ/പേര് | 241/22-23, എസ് സി വിഭാഗത്തിലുള്ള ഉദ്യോഗാർത്ഥികൾക്ക് കെഎഎസ് പി.എസ്.സി. പരിശീലനം |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | അസിസ്റ്റന്റ് സെക്രട്ടറി |
| അടങ്കൽ | 35000/- വികസനഫണ്ട് (എസ്. സി. പി) |
| ചെലവ് | 18033/- വികസനഫണ്ട് (എസ്. സി. പി) |

എസ് സി വിദ്യാർത്ഥികൾക്ക് കെഎഎസ്/പി എസ് സി പരിശീലനത്തിന് 18033/- രൂപ 29.03.2023 ൽ ജില്ലാ പഞ്ചായത്തിന് കൈമാറിയിട്ടുണ്ട്. ആയതിന്റെ വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കുന്നതിന് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (09/14.07.2023) മറുപടി ലഭ്യമാക്കിയിട്ടില്ല. വിനിയോഗ സാക്ഷ്യപത്രം ഓഡിറ്റിൽ ലഭ്യമാക്കുന്നതുവരെ 18033/- രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 1-29 ഭിന്നശേഷിയുള്ളവരുടെ ഗാനമേള ട്രൂപ്പ് -മാതൃകാ പ്രോജക്ട്

| | |
|---|---|
| പ്രോജക്റ്റ് നം | 246/23 |
| പ്രോജക്ടിന്റെ പേര് | ഭിന്നശേഷിയുള്ളവരുടെ ഗാനമേള ട്രൂപ്പ് |
| നിർവഹണോദ്യോഗസ്ഥൻ | ഐ.സി.ഡി.എസ് സൂപ്പർ വൈസർ |
| അടങ്കൽ | വികസന ഫണ്ട് (ജനറൽ)- 277000 |
| ചെലവ് | 260050 |

ഐ.സി.ഡി.എസ് സൂപ്പർവൈസർ നിർവ്വഹണം നടത്തിയ ഭിന്നശേഷിയുള്ളവരുടെ ഗാനമേള ട്രൂപ്പ് എന്ന പ്രോജക്ട് പ്രകാരം ഗാനമേള ട്രൂപ്പിന് ആവശ്യമായ സംഗീതോപകരണങ്ങളും അനുബന്ധ സാധനങ്ങളും സിതാരാ ഏജൻസീസ്, കോട്ടയം എന്ന സ്ഥാപനത്തിൽ നിന്നും വാങ്ങിയിട്ടുണ്ട്. കീ ബോർഡ്, ഇലക്ട്രിക് വയലിൻ, തബല എന്നിവയുൾപ്പെടെ 260050/- രൂപ വില വരുന്ന സംഗീതോപകരണങ്ങൾ ഐ.സി.ഡി.എസ് സൂപ്പർവൈസറുടെ ഉത്തരവാദിത്വത്തിൽ സ്റ്റോക്കിലെടുത്ത് പഞ്ചായത്തിൽ സൂക്ഷിച്ചിട്ടുണ്ട്. ഭിന്നശേഷിയുള്ളവരുടെ പുനരധിവാസവും ക്ഷേമവും ലക്ഷ്യമിട്ട് തയ്യാറാക്കിയ പ്രസ്തുത പ്രോജക്ട് പ്രകാരം ഭിന്നശേഷിക്കാർക്കായി ഒരു ഗാനമേള ട്രൂപ്പ് രൂപീകരിച്ചിട്ടുണ്ട്. ഗാനമേള ട്രൂപ്പിന് പ്രോഗ്രാം നടത്തുന്നതിനായി ടി ഉപകരണങ്ങൾ ആവശ്യാനുസരണം നല്കുവാനും ആയതു വഴി ഭിന്നശേഷി വിഭാഗത്തിന് മാനസിക സാംസ്കാരിക പിന്തുണ നല്കുവാനുമാണ് പ്രോജക്ട് ലക്ഷ്യമിടുന്നത്. ആയതിന്റെ നടത്തിപ്പിലേക്കായി ഒരു മാനേജ്മെന്റ് കമ്മിറ്റി രൂപീകരിച്ച് ഒരു ജോയിന്റ് ബാങ്ക് അക്കൗണ്ട് ആരംഭിച്ച് ഗാനമേള നടത്തുന്നതിന്റെ പ്രതിഫലം ടി അക്കൗണ്ടിൽ നിക്ഷേപിച്ച് തുടർ പ്രവർത്തനങ്ങൾ നടത്തുവാനാണ് ലക്ഷ്യമിട്ടിരിക്കുന്നതെന്ന് പ്രസിഡന്റ് എക്സിറ്റ് മീറ്റിംഗിൽ അറിയിച്ചു. മാതൃകാപരമായ പ്രസ്തുത പ്രോജക്ട് ഭിന്നശേഷിയുള്ളവരുടെ പുനരധിവാസം ഉറപ്പുവരുത്തുവാൻ ആവശ്യമായ തുടർ പ്രവർത്തനങ്ങൾ നടത്തി ശക്തമാക്കേണ്ടതാണ്.

## 1-30 4-ാം മൈൽ കുടിവെള്ള പദ്ധതി മെയിന്റനൻസ്- അപാകതകൾ

അടങ്കൽ- 230000 രൂപ ( ധനകാര്യ കമ്മീഷൻ ഗ്രാന്റ് )
ചെലവ്- 202158 രൂപ

എലിക്കുളം ഗ്രാമ പഞ്ചായത്തിന്റെ 14-ാം വാർഡിൽ നിലവിലുള്ള കുടിവെള്ള പദ്ധതിയുടെ 10000 ലിറ്റർ കപ്പാസിറ്റിയുള്ള പി.വി.സി. വാട്ടർ ടാങ്ക് മാറ്റി പുതുയ 5000 ലിറ്റർ കപ്പാസിറ്റിയുള്ള ടാങ്ക് സ്ഥാപിക്കുന്നതിനും, പുതിയതായി പ്ലാറ്റ് ഫോം പണിത് 10000 ലിറ്റർ കപ്പാസിറ്റിയുള്ള രണ്ടാമതൊരു വാട്ടർ ടാങ്ക് പുതിയതായി സ്ഥാപിക്കുന്നതിനും 50mm 10kg/Cm2 PVC പൈപ്പ് 11.5m സ്ഥാപിക്കുന്നതിനുമാണ് അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണോദ്യോഗസ്ഥനായി 36/23 നമ്പർ പ്രോജക്ടിലൂടെ ലക്ഷ്യമിട്ടിരുന്നത്. ഫയൽ പരിശോധിച്ചതിൽ ശ്രദ്ധയിൽപ്പെട്ട അപാകതകൾ താഴെ ചേർക്കുന്നു.

1) പ്രവൃത്തിയുടെ എസ്റ്റിമേറ്റ് പ്രകാരം 10000 ലിറ്റർ കപ്പാസിറ്റിയുള്ള വാട്ടർ ടാങ്ക് സ്ഥാപിക്കുന്നതിന് 2mx1mx.75m അളവുള്ള പ്ലാറ്റ് ഫോം നിർമ്മിക്കുന്നതിന് പ്രൊവിഷൻ ഉൾപ്പെടുത്തിയിരുന്നു. 5000ലിറ്റർ കപ്പാസിറ്റിയുള്ള വാട്ടർ ടാങ്ക് സ്ഥാപിക്കുന്നത് നിലവിലുള്ള പ്ലാറ്റ് ഫോമിലുമാണ്. എന്നാൽ 19.07.2023 ൽ അസിസ്റ്റന്റ് എൻജിനീയറുടെ സാന്നിദ്ധ്യത്തിൽ പ്രാദേശിക പരിശോധന നടത്തിയതിൽ 10000 ലിറ്റർ കപ്പാസിറ്റിയുള്ള വാട്ടർ ടാങ്ക് സ്ഥാപിക്കുന്നതിന് വൃത്താകൃതിയുള്ള പ്ലാറ്റ് ഫോമാണ് നിർമ്മിച്ചിട്ടുള്ളത്. എസ്റ്റിമേറ്റ് റിവൈസ് ചെയ്യാതെ ഇപ്രകാരം പ്രവൃത്തി മാറ്റി ചെയ്തത് ശരിയായ നടപടിയല്ല.

2) നിലവിലുണ്ടായിരുന്ന 10000 ലിറ്റർ കപ്പാസിറ്റിയുള്ള പഴയ വാട്ടർ ടാങ്ക് മാറ്റിവെച്ചിട്ടുണ്ട്. ഇത് പുനരുപയോഗ സാധ്യമാണോ എന്ന് അസിസ്റ്റന്റ് എഞ്ചിനീയർ സാക്ഷ്യപ്പെടുത്തിയിട്ടില്ല.

അപാകതകൾ സംബന്ധിച്ച് ഓഡിറ്റിൽ വിശദീകരണം ലഭ്യമാക്കണമെന്ന് ആവശ്യപ്പെട്ട് നൽകിയ 29/20.07.2023-ാം നമ്പർ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയതിൽ എസ്റ്റിമേറ്റ് റിവൈസ് ചെയ്യുന്നതിന് കമ്മറ്റി തീരുമാനം എടുത്തിട്ടുണ്ടെന്നും പഴയ വാട്ടർ ടാങ്ക് പുനരുപയോഗയോഗ്യമല്ലെന്നും ആയത് ലേലം ചെയ്യുന്നതിന് സെക്രട്ടറിക്ക് കത്ത് നൽകുന്നതാണെന്നും അറിയിച്ചു. തുടർ നടപടികളുടെ വിശദാംശങ്ങൾ ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 1-31 റോഡ് ടാറിംഗ്/ റീടാറിംഗ് പ്രവൃത്തിയുടെ ബില്ലിൽ നിന്നും കാലിബാരലിന്റെ വില ഈടാക്കാത്തത്.

എലിക്കുളം ഗ്രാമ പഞ്ചായത്തിന്റെ 2022-23 വാർഷിക പദ്ധതിയിൽ നടപ്പാക്കിയ താഴെപ്പറയുന്ന റോഡ് ടാറിംഗ്/ റീടാറിംഗ് പ്രവൃത്തിയുടെ എസ്റ്റിമേറ്റ് പായ്ക്ക്ഡ് ബിറ്റുമിന്റെ നിരക്ക് ഉൾപ്പെടുത്തിയാണ് തയ്യാറാക്കിയിരുന്നത്. എന്നാൽ ബില്ലിൽ നിന്നും കാലിബാരലിന്റെ വില ഈടാക്കുകയോ ബാരൽ തിരികെ ഗ്രാമ പഞ്ചായത്തിൽ ഏൽപ്പിക്കുകയോ ചെയ്തിരുന്നില്ല.
കാലി ബാരലുകൾ കേടുപാടുകൾ കൂടാതെ തിരിച്ച് നല്കിയില്ലെങ്കിൽ ബാരലൊന്നിന് 238/-രൂപ പ്രകാരവും 18% ജി.എസ്.റ്റിയും ഈടാക്കാവുന്നതാണ്.

| ക്രമ നം | പ്രവൃത്തി വിശദാംശങ്ങൾ | ഉപയോഗിച്ച ബിറ്റുമിൻ ബാരലുകളുടെ എണ്ണം | ഈടാക്കേണ്ടിയിരുന്ന തുക |
|---|---|---|---|
| 1 | 155/23 നടപ്പുറക്- ഏറത്തുപടി റോഡ് പുനരുദ്ധാരണം കരാറുകാരൻ- മെജോ മാത്യു, പുളിമൂട്ടിൽ, എലിക്കുളം ചെലവ്-348104(MG(NR)-100000 (CFC) | 16 | വില 3808/- ജി.എസ്.ടി 18%- 685/- |

ബാരൽവില ഈടാക്കാത്തത് സംബന്ധിച്ച് വിശദീകരണം ലഭ്യമാക്കണമെന്ന് ആവശ്യപ്പെട്ട് നൽകിയ 2/13.07.2023 നമ്പർ ഓഡിറ്റ് എൻക്വയറിക്ക് ലഭ്യമാക്കിയ മറുപടിയിൽ ബാരൽവില 3808 രൂപ 1230701013/19.07.23 നമ്പർ രസീത് പ്രകാരം പഞ്ചായത്തിൽ ഒടുക്കി എന്ന് അറിയിച്ചു. ജി.എസ്.ടി 685 രൂപയും ഉൾപ്പടെ 4493/- രൂപ ബന്ധപ്പെട്ട ശീർഷകത്തിൽ സർക്കാരിലേക്ക് ഒടുക്കി വിവരം അറിയിക്കേണ്ടതാണ്.

## 1-32 റോഡ് ടാറിംഗ്/ റീടാറിംഗ് പ്രവൃത്തികളുടെ ബില്ലിൽ നിന്നും കുറവ് ചെയ്ത കാലിവീപ്പകളുടെ വില തനത് ഫണ്ടിൽ സൂക്ഷിച്ചിരിക്കുന്നത് സംബന്ധിച്ച്

ഗ്രാമ പഞ്ചായത്തിന്റെ 2022-23 വാർഷിക കണക്കിൽ RP5 ഷെഡ്യൂളിൽ 150120102 “Sale And Hire Charges ” എന്ന ശീർഷകത്തിൽ 30058 രൂപ വരവുണ്ട്. ഇതിൽ അസിസ്റ്റന്റ് എൻജിനീയർ നടപ്പാക്കിയ വിവധ ടാറിംഗ്/ റീടാറിംഗ് പ്രവൃത്തികളുടെ ബില്ലിൽ നിന്നും കുറവ് ചെയ്ത് തനത് ഫണ്ടിൽ ക്രഡിറ്റ് ചെയ്തിരിക്കുന്ന കാലിവീപ്പകളുടെ വിലയായ 24998 രൂപയും ഉൾപ്പെടുന്നു.
തദ്ദേശസ്വയംഭരണ വകുപ്പിന്റെ 30.10.2007 ലെ 59827/എഫ്.എം/2007 നമ്പർ സർക്കുലർ പ്രകാരം കരാറുകാരുടെ ബില്ലിൽ നിന്നും ഈടാക്കുന്ന കാലിവീപ്പകളുടെ വില ഏത് ഫണ്ടിൽ നിന്നാണോ ടാർ വാങ്ങിയത് അതേ ഫണ്ടിൽ തിരികെ ഒടുക്കണം എന്ന് നിർദ്ദേശിച്ചിട്ടുണ്ട്. ആയതിനാൽ ടാറിംഗ്/ റീടാറിംഗ് പ്രവൃത്തികളുടെ ബില്ലിൽ നിന്നും കുറവ് ചെയ്ത കാലിവീപ്പകളുടെ വില തനത് ഫണ്ടിൽ സൂക്ഷിച്ചിരിക്കുന്നത് ക്രമപ്രകാരമല്ല. അപാകത സംബന്ധിച്ച് വിശദീകരണം ലഭ്യമാക്കണമെന്ന് ആവശ്യപ്പെട്ട് നൽകിയ 1/13.07.2023 നമ്പർ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയതിൽ തനത് ഫണ്ടിൽ സൂക്ഷിച്ചിരിക്കുന്ന തുക അതാത് ശീർഷകത്തിൽ സർക്കാരിലേയ്ക്ക് ഒടുക്കുന്നതിന് സെക്രട്ടറിക്ക് കത്ത് നൽകിയിട്ടുണ്ടെന്ന്

അസിസ്റ്റന്റ് എഞ്ചിനീയർ അറിയിച്ചു. തനത് ഫണ്ടിൽ സൂക്ഷിച്ചിരിക്കുന്ന കാലിവീപ്പകളുടെ വില 24998 രൂപ സർക്കാരിലേയ്ക്ക് ഒടുക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 1-33 വിവിധ പ്രോജക്റ്റുകൾ പ്രകാരം മരുന്നുകൾ/ഉപകരണങ്ങൾ വാങ്ങൽ-184796 രൂപയ്ക്കുള്ള മരുന്നുകൾ / ഉപകരണങ്ങൾ ലഭിക്കാനവശേഷിക്കുന്നു

മെഡിക്കൽ ഓഫീസർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ ചുവടെ ചേർക്കുന്ന പ്രോജക്റ്റുകൾ പ്രകാരം മരുന്നുകൾ/ ഉപകരണങ്ങൾ വാങ്ങുന്നതിനായി കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ ലിമിറ്റഡിന് തുകകൾ നല്കിയിട്ടുണ്ട്. എന്നാൽ നാളിതുവരെ മുഴുവൻ തുകയ്ക്കുമുള്ള മരുന്നുകൾ/ ഉപകരണങ്ങൾ ലഭിച്ചതായി കാണുന്നില്ല.

| പ്രോജക്റ്റ് നം/പേര് | പ്രൊഫോർമ ഇൻവോയ്സ് നം | നല്കിയ തുക | ബിൽ നം | ലഭിച്ച സാധനങ്ങളുടെ വില | ലഭിക്കാനവശേഷിക്കുന്ന സാധനങ്ങളുടെ വില |
|---|---|---|---|---|---|
| 268/23 ഹെൽത്ത് ഗ്രാന്റ് സ്കീം 4 പ്രകാരം സബ്സെന്ററുകളിൽ സൗകര്യങ്ങൾ വർദ്ധിപ്പിക്കൽ | PRF 3902/25.1.23 | 18376 | 173/31.1.23 | 3605 | 14771 |
| 297/23 അതിദരിദ്രർക്ക് ആവശ്യമുള്ള മരുന്ന്, ന്യൂട്രീഷ്യൻ സപ്ളിമെന്റ് വാങ്ങൽ | PRF 4629/21.2.23 | 25357 | 29/17.3.23 | 7696 | 17661 |
| 33/23 അരികെ | PRF996/11.8.22 | 115785 | 9/10.10.22 | 31041 | 84744 |
| 33/23 അരികെ | PRF3445/7.1.23 | 70655 | 19/13.1.23 | 3035 | 67620 |
| ആകെ | | | | | 184796 |

മരുന്നുകൾ/ഉപകരണങ്ങൾ ലഭിച്ചിട്ടുണ്ടെങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കാനാവശ്യപ്പെട്ടു നല്കിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.17/17.7.23) ആയവ ലഭിച്ചിട്ടില്ല എന്ന് മറുപടി നല്കി . ആയതിനാൽ ലഭിക്കാനവശേഷിക്കുന്ന മരുന്നുകൾ/ ഉപകരണങ്ങളുടെ വിലയായ 184796 രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. മരുന്നുകൾ/ ഉപകരണങ്ങൾ ലഭ്യമാക്കി 184796 രൂപയുടെ തടസ്സം ഒഴിവാക്കേണ്ടതാണ്.

## 1-34 തുക ഒടുക്കി എങ്കിലും മരുന്ന് ലഭ്യമായില്ല

മെഡിക്കൽ ഓഫീസർ ഹോമിയോ നിർവ്വഹണം നടത്തിയ നമ്പർ39/23 ഹോമിയോ ഡിസ്പൻസറിക്ക് മരുന്ന് വാങ്ങൾ എന്ന പ്രോജക്റ്റിനായി വികസന ഫണ്ടിൽ നിന്നും ബിൽ നമ്പർ 1/23/ തീയതി 28.12.22 പ്രകാരം 200000/ രൂപ പിൻവലിച്ച് ഹോംകോയിൽ അടവാക്കിയിട്ടുണ്ട് എങ്കിലും മരുന്ന് നാളിതുവരെ ലഭ്യമായിട്ടില്ല. മരുന്ന് ലഭ്യമാകാത്ത സാഹചര്യത്തിൽ 200000/ രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-35 സുസ്ഥിരവികസനം-മാലിന്യസംസ്കരണം

പതിനാലാം പദ്ധതി മാർഗ്ഗരേഖ ഖണ്ഡിക 8.1(സി)(1) പ്രകാരം ഓരോ പ്രദേശത്തെയും മാലിന്യമുക്തമാക്കുന്നതിനായി ജൈവമാലിന്യം ഉറവിടത്തിൽ തന്നെ പരിപാലിക്കുക, അജൈവമാലിന്യം ശേഖരിച്ച് പുന:ചക്രമണ വിധേയമാക്കുന്നതിനുള്ള സൗകര്യങ്ങൾ സൃഷ്ടിക്കുക എന്നിവയായിരിക്കണം ശുചിത്വ, മാലിന്യ സംസ്കരണ പ്രവർത്തനങ്ങളുടെ സമീപനം.

എലിക്കുളം ഗ്രാമപഞ്ചായത്തിൽ ജൈവമാലിന്യവും അജൈവമാലിന്യവും 100% ഉറവിടത്തിൽ തന്നെ തരംതിരിച്ച് അജൈവമാലിന്യം പൂർണ്ണമായും ഹരിതകർമ്മസേന വഴി വാതിൽപ്പടി ശേഖരണം നടത്തുന്നു. ജൈവമാലിന്യം പൂർണ്ണമായും ഉറവിടത്തിൽ സംസ്കരിക്കുന്നതിലേക്ക് വിവിധ കാലയളവിൽ പൈപ്പ് കംപോസ്റ്റ്, ബയോകംപോസ്റ്റ്, റിങ് കംപോസ്റ്റ്, ബക്കറ്റ് കംപോസ്റ്റ് മുതലായ ഉപാധികൾ വിവിധ പദ്ധതികളിലൂടെ പൊതുജനങ്ങൾക്ക് നൽകിയിട്ടുണ്ട്. കഴിഞ്ഞ 3

വർഷം മാലിന്യസംസ്കരണവുമായി ബന്ധപ്പെട്ട് ഗ്രാമ പഞ്ചായത്തിൽ നടപ്പാക്കിയിട്ടുള്ള പ്രോജക്ടുകളുടെ വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| പ്രോജക്ട് നം/ പേര് | വർഷം | അടങ്കൽ | ചെലവ് |
|---|---|---|---|
| 128/21 ക്ലീൻ കോട്ടയം ഗ്രീൻ കോട്ടയം-ബക്കറ്റ് കംപോസ്റ്റ് | 2020-21 | 182000 | 151100 |
| 139/21 ക്ലീൻ കോട്ടയം ഗ്രീൻ കോട്ടയം-കിച്ചൺ ബിൻ | 2020-21 | 246000 | 91758 |
| 186/21 ഇളങ്ങുളം കെ.വി.എൽ.പി.ജി. സ്കൂളിൽ ചോപ്പിംഗ് മെഷീൻ സ്ഥാപിക്കൽ. | 2020-21 | 650000 | 650000 |
| 190/21 അംഗൻവാടികളിൽ ജൈവമാലിന്യ സംസ്കരണ സംവിധാനം | 2020-21 | 37200 | 37152 |
| 191/21 കലക്ടേഴ്സ് അറ്റ് സ്കൂൾ | 2020-21 | 279600 | 266400 |
| 129/22 ക്ലീൻ കോട്ടയം ഗ്രീൻ കോട്ടയം-ബക്കറ്റ് കംപോസ്റ്റ് | 2021-22 | 30900 | 30200 |
| 131/22 ക്ലീൻ കോട്ടയം ഗ്രീൻ കോട്ടയം-കിച്ചൺ ബിൻ | 2021-22 | 154242 | 87822 |
| 233/23 ക്ലീൻ എലിക്കുളം ഗ്രീൻ എലിക്കുളം-ഗാർഹിക കിച്ചൺ ബിൻ വിതരണം | 2022-23 | 324000 | 265058 |

## ഭാഗം -2

# വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

# ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -4

# പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപ്പെടുത്തിയ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ | സർട്ടിഫിക്കേഷന് കണക്കുകൾ |
|---|---|---|

| | ലഭിച്ച തീയതി | പരിശോധിച്ച തീയതി |
|---|---|---|
| 2022-23 | 27.06.2023 | 14.07.2023 |

ഓഡിറ്റ് ചെയ്ത വാർഷിക ധനകാര്യപത്രികയിലെ ഇൻകം ആന്റ് എക്സ്പെൻഡിച്ചർ അക്കൗണ്ട്, റസീറ്റ് ആന്റ് പേയ്മെന്റ് അക്കൗണ്ട്, ബാലൻസ് ഷീറ്റ്, ഓഡിറ്റ് സർട്ടിഫിക്കറ്റ് എന്നിവ അനുബന്ധമായി ചേർത്തിരിക്കുന്നു.

## 4-2 സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നല്കിയ സ്ഥാപനം | ലഭിച്ച തുക | പ്രോജക്ടിന്റെ പേര് | ചെലവ് | ബാക്കി |
|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് പാമ്പാടി | 160000 | 185/22-23, ലൈഫ് -ഭൂരഹിത ഭവന രഹിതരുടെ പുനരധിവാസം (എസ് സി പി) | 160000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് പാമ്പാടി | 120000 | 57/22-23, ലൈഫ് -ഭൂരഹിത ഭവന രഹിതരുടെ പുനരധിവാസം (എസ് സി) | 120000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് പാമ്പാടി | 180000 | 56/22-23, ലൈഫ് -ഭൂരഹിത ഭവന രഹിതരുടെ പുനരധിവാസം (പൊതുവിഭാഗം) | 180000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് പാമ്പാടി | 2008200 | 184/22-23, ലൈഫ് -ഭൂരഹിത ഭവന രഹിതരുടെ പുനരധിവാസം (പൊതുവിഭാഗം) | 2008200 | 0 |
| ബ്ലോക്ക് പഞ്ചായത്ത് പാമ്പാടി | 63320 | 279/22-23, അതിദരിദ്രർക്കായുള്ള വീട് വാസയോഗ്യമാക്കൽ | 63320 | 0 |
| ബ്ലോക്ക് പഞ്ചായത്ത് പാമ്പാടി | 242250 | 215/22-23, ഭിന്നശേഷിയുള്ളവർക്ക് സ്കോളർഷിപ്പ് വിതരണം | 242250 | 0 |
| ബ്ലോക്ക് പഞ്ചായത്ത് പാമ്പാടി | 117000 | 29/22-23, അംഗൻവാടി പൂരക പോഷകാഹാര പദ്ധതി | 117000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് പാമ്പാടി | 11680 | 280/22-23, അതിദരിദ്രർക്കുള്ള ഭക്ഷണ കിറ്റ് വിതരണം | 11680 | 0 |
| **ആകെ** | **2902450** | | **2902450** | **0** |
| ജില്ലാ പഞ്ചായത്ത് കോട്ടയം | 1010000 | 185/22-23, ലൈഫ് -ഭൂരഹിത ഭവന രഹിതരുടെ പുനരധിവാസം (എസ് സി പി) | 1010000 | 0 |
| ജില്ലാ പഞ്ചായത്ത് കോട്ടയം | 100000 | 54/22-23, ആശ്രയ അഗതി രഹിത കേരളം - ഭവന പുനരുദ്ധാരണം | 100000 | 0 |

| | | | | |
|---|---|---|---|---|
| ജില്ലാ പഞ്ചായത്ത് കോട്ടയം | 500000 | 184/22-23, ലൈഫ് -ഭൂരഹിത ഭവന രഹിതരുടെ പുനരധിവാസം (പൊതുവിഭാഗം) | 500000 | 0 |
| ജില്ലാ പഞ്ചായത്ത് കോട്ടയം | 60000 | 58/22-23, ലൈഫ് -ഭൂരഹിത ഭവന രഹിതരുടെ പുനരധിവാസം (എസ് റ്റി) | 60000 | 0 |
| ജില്ലാ പഞ്ചായത്ത് കോട്ടയം | 133900 | 215/22-23, ഭിന്നശേഷിയുള്ളവർക്ക് സ്കോളർഷിപ്പ് വിതരണം | 133900 | 0 |
| ജില്ലാ പഞ്ചായത്ത് കോട്ടയം | 300000 | 29/22-23, അംഗൻവാടി പൂരക പോഷകാഹാര പദ്ധതി | 300000 | 0 |
| ജില്ലാ പഞ്ചായത്ത് കോട്ടയം | 399228 | 187/22-23, ക്ഷീരകർഷകർക്ക് ഇൻസെന്റീവ് | 399228 | 0 |
| **ആകെ** | **2503128** | | **2503128** | |

## 4-3 നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകകളുടെ വിവരം

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ കൊടുക്കുന്നു.

| നിർവഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | ബിൽ/ ചെക്ക് നം. | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| ഭൂജല വകുപ്പ് | 312/22-23, കുഴൽ കിണർ നിർമ്മാണം - ടേക്ക് എ ബ്രേക്ക് നാലാംമൈൽ ശുചിത്വ സമുച്ചയം | 42201338/ 31.03.2023 | 75805 (CFC) | 0 | 75805 |
| കെ എസ് ഇ ബി | 17/22-23, സ്ട്രീറ്റ് മെയിൻ ദീർഘിപ്പിക്കൽ | 42201335/ 31.03.2023 | 262078(CFC) | 0 | 1600000 |
| | | 42201336/ 31.03.2023 | 1057094(CFC) | | |
| | | 42201337/ 31.03.2023 | 38828(CFC) | | |
| | | 42201339/ 31.03.2023 | 242000(തനത് ഫണ്ട്) | | |
| | ആകെ | | 1675805 | 0 | 1675805 |

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയതിന്റെ വിശദാംശങ്ങൾ

ഓഡിറ്റ് വർഷം മൊബിലൈസേഷൻ അഡ്വാൻസ് നല്കിയിട്ടില്ല.

## 4-5 വായ്പ/വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ, തീയതി | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ | തൻവർഷ വായ്പ തുക | തൻവർഷം തിരിച്ചടച്ച തുക | വർഷാവസാനം തിരിച്ചടയ്ക്കാൻ |
|---|---|---|---|---|---|

| | | ബാക്കിയുണ്ടായിരുന്ന തുക | | മുതൽ | പലിശ | ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| ലൈഫ് പദ്ധതി (കെ.യു.ആർ.ഡി. എഫ്.സി. ലോൺ) | ജി ഒ(എം.എസ്) 68/2018, 18.05.2018, ജി ഒ(എം.എസ്) 100/2018, 30.07.2018 | 7512283 | 1960000 | 1751337 | - | 7720946 |

## 4-6 സ്ഥിരനിക്ഷേപങ്ങൾ

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം | 12059981/- |
| തൻവർഷം നിക്ഷേപിച്ച തുക | 762344/- (പലിശ സ്ഥിര നിക്ഷേപത്തോട് ചേർത്തത്) |
| ആകെ | 12822325/- |
| തന്നാണ്ടിൽ പിൻവലിച്ച തുക | 0 |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 12822325/- |

. 2021-22 വർഷം വാർഷിക ധനകാര്യപത്രികയിലുണ്ടായ അപാകത പരിഹരിച്ചിട്ടുണ്ട്.

**വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപങ്ങളുടെ വിവരം താഴെ കൊടുക്കുന്നു .**

| ക്രമ നം | സ്ഥാപനത്തിന്റെ പേര് (ബാങ്ക്/ ട്രഷറി/പോസ്റ്റ് ഓഫീസ്....) | നിക്ഷേപിച്ച തിയതി | കാലയളവ് | തുക | റിമാർക്ക്സ് |
|---|---|---|---|---|---|
| 1 | സർവ്വീസ് സഹകരണബാങ്ക് ഇളങ്ങുളം (നം.6546/1.7.2019) | 17.10.2022 | 181 ദിവസം | 6383194 | പലിശനിരക്ക് 6.25% |
| 2 | സർവ്വീസ് സഹകരണബാങ്ക് ഇളങ്ങുളം (നം.6547/1.7.2019) | 17.10.2022 | 6 മാസം | 6439131 | പലിശനിരക്ക് 6.25% |
| | | | ആകെ | 12822325 | |

## 4-7 ഓഡിറ്റ് റിക്കവറി

തൻവർഷം ഓഡിറ്റ് റിക്കവറി ഇനത്തിൽ വരവില്ല.

## 4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിവരം

സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2014-15 | 2-1, 2-2, 2-3, 2-4, 2-5, 2-6, 2-7, 2-8 | 2016-17 | അനുബന്ധം 3, 4 | തൊഴിൽ നികുതി,വസ്തുനികുതി | ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റിയുടെ പരിഗണനയിലാണ് |
| | | | | | |

| | | | | | |
|---|---|---|---|---|---|
| 2015-16 | 2-4, 2-5 | 2016-17 | അനുബന്ധം 5 | തൊഴിൽ നികുതി | ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റിയുടെ പരിഗണനയിലാണ് |

## 4-9 ചാർജ് സർചാർജ് നടപടികളിലൂടെ ഈടാക്കിയ തുകയുടെ വിവരം

ഈയിനത്തിൽ ഓഡിറ്റ് വർഷം തുകയൊന്നും വരവില്ല.

## 4-10 ഓഡിറ്റ് പ്രത്യവലോകനം

**(എ) സംക്ഷിപ്ത വിവരം**

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് (മുന്നിരിപ്പ് ഉൾപ്പെടെ) (റസീപ്റ്റ് & പെയ്മെന്റ് സ്റ്റേറ്റ്മെന്റ് പ്രകാരം) | : | 177946247.00 |
| ആകെ വരുമാനം (ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട് പ്രകാരം) | | 118867662 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് (റസീപ്റ്റ് & പെയ്മെന്റ് സ്റ്റേറ്റ്മെന്റ് പ്രകാരം) | : | 161629083.00 |
| ആകെ ചെലവ് (ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട് പ്രകാരം) | | 117262530 |
| വരവിനങ്ങളിലുള്ള വ്യക്തമായ നഷ്ടം | : | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | 2,740,384 |

**(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം**

**ഇല്ല**

**ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക**

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-19 | 1985805 | ശ്രീ. സിബി ജോസ് കെ, സെക്രട്ടറി |
| 1-22 | 200000 | ശ്രീമതി ശ്രീലക്ഷ്മി കെ, കൃഷി ഓഫീസർ |
| 1-24 | 151750 | ശ്രീമതി ശ്രീലക്ഷ്മി കെ, കൃഷി ഓഫീസർ |
| 1-28 | 18033 | ശ്രീ.ജോബോയ് ജോൺ, അസിസ്റ്റന്റ് സെക്രട്ടറി |
| 1-33 | 184796 | ഡോ.ജേസ്സി എം കട്ടപ്പുറം, മെഡിക്കൽ ഓഫീസർ (സിഎച്ച്സി) |
| 1-34 | 200000 | ഡോ.ബിന്ദു തെരേസ പി മെഡിക്കൽ ഓഫീസർ (ഹോമിയോ) |
| ആകെ | 2740384 | |

(സി) **<u>കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റ് സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം</u>**

ഇല്ല

(ഡി) **<u>നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ</u>**

ഇല്ല

(ഇ) **<u>റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ</u>**

ഇല്ല

**<u>4-11 തീർപ്പാക്കാൻ അവശേഷികന്ന ഓഡിറ്റ് റിപ്പോർട്ടുകൾ</u>**

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 99-00ചെലവ് | എൽ. എഫ്. കെ.പി. 6/ 55/03/16.6.03/10.10.03 | 27 |
| 2000-01, 2001-02 ജനകീയാസൂത്രണം | കെ.എസ്.എ.കെ.ടി.എം പി13/അദാ2022/1688(1)/ 25.08.2022 | 1 |
| 2005-06 | കെ.എസ്.എ.കെ.ടി.എം പി13/അദാ2022/1688(2)/ 25.08.2022 | 3 |
| 2006-07 | കെ.എസ്.എ.കെ.ടി.എം പി13/അദാ2022/1688(3)/ 25.08.2022 | 2 |
| 2009-10 | കെ.എസ്.എ.കെ.ടി.എം പി13/അദാ2022/1688(4)/ 25.08.2022 | 2 |
| 2010-11 ,11-12 | കെ.എസ്.എ.കെ.ടി.എം പി13/അദാ2022/1688(5)/ 25.08.2022 | 1 |
| 2012-13 | കെ.എസ്.എ.കെ.ടി.എം പി13/അദാ2022/881(1)/ 05.08.2022 | 1 |
| 2013-14 & 2014-15 | കെ.എസ്.എ.കെ.ടി.എം പി13/അദാ2022/881(2)/ 25.08.2022 | 8 |
| 2015-16 | കെ.എസ്.എ.കെ.ടി.എം പി13/അദാ2022/1688(6)/ 25.08.2022 | 7 |
| 2016-17 | കെ.എസ്.എ.കെ.ടി.എം പി13/അദാ2022/881(3)/ 05.08.2022 | 3 |
| 2017-18 | കെ.എസ്.എ.കെ.ടി.എം പി13/അദാ2022/881(4)/ 25.08.2022 | 3 |
| 2018-19 | കെ.എസ്.എ.കെ.ടി.എം പി13/അദാ2022/881(5)/ 05.08.2022 | 8 |
| 2019-20 | കെ.എസ്.എ.കെ.ടി.എം പി13/അദാ2022/1688(7)/ 25.08.2022 | 9 |

| | | |
|---|---|---|
| 2020-21 | കെ.എസ്.എ.കെ.ടി.എം പി13/1498/2021/ 07.04.2022 | 16 |
| 2021-22 | കെ.എസ്.എ.കെ.ടി.എം പി13/2364/2022/ 25.04.2023 | 22 |

അവശേഷിക്കുന്ന റിപ്പോർട്ടുകളിലെ തടസ്സങ്ങൾ തീർപ്പാക്കാൻ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

**ഡെപ്യൂട്ടി ഡയറക്ടർ**

**കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്**
**ജില്ലാ ഓഡിറ്റ് കാര്യാലയം, കോട്ടയം**

## Annexure-1
## Audit Certificate

i. I have audited the attached Financial statements approved vide resolution number 1(1) dated 1(1) dated 27-06-2023 and submitted on 27-06-2023 , comprising of Receipt and Payment statement,Income and Expenditure account for the year ended on March 2023 and Balance sheet as on 31-03-2023 , with supporting forms, of the Elikkulam Grama Panchayat as per section 215(4) of Kerala Panchayath Raj act 1994, Kerala Panchayath Raj Accounts rules 2011, KSAD Audit Manual chapters 4.2.1 & 11.3 and as per guidelines and compliance instructions issued by State /Central Government, Finance Commission and other funding agencies from time to time. Preparation of these accounts is the responsibility of the PRI's management. My responsibility is to express an opinion on these accounts based on my Financial Audit.
ii. I have conducted my Financial Audit in accordance with auditing standards issued by C&AG of India and Guidelines for Financial Audit of PRIs issued by C&AG. These standards/guidelines require that I plan and perform the audit to obtain reasonable assurance whether the financial statements are free from material misstatements. An audit includes examining evidences supporting the amounts and disclosures in the financial statements. An audit also includes assessing the accounting principles used and significant estimates made, as well as evaluating the overall presentation of accounts. I believe that my audit provides a reasonable basis for my opinion.
iii. On the basis of the information and explanations that I required and have obtained, and according to the best of my information as a result of Financial Audit of the accounts and on consideration of explanations given,
I certify that, subject to my observations in the appended report, except for the matters described in the basis for qualified opinion in the appended report and subject to other observations therein, the Annual Financial Statements give a true and fair view of financial result and Financial position of Elikkulam Grama Panchayat for the year 2022-2023

**Date: 04/10/2023** **Deputy Director**

**Kerala State Audit Department**

### Audit Report appended to the Audit Certificate of Elikkulam Grama Panchayat for the Year 2022-2023.

### 1.Major Observations

Nil.

### 2.Other Observations

1. Schedule of Ratios included in Annual Financial statements prescribed in Accounting rules not submitted for audit.
2. Cashflow statement. Net increase/decrease in cashflow does not match with the difference between the opening balance and closing balance of cash and cash equivalents.
3.The accuracy of Panchayath general fund as on 31.03.2023 is unclear.
4. Non declosure of capital contribution Register with details not provided.
5. Government/Other dues register not maintained
6. Asset Register is not updated and Asset data base not prepared.
7. Demand register does not match with Annual Financial Statements
8. Not providing adequate provision for doubtful arrears
9. Advance and Deposit registers do not match with the AFS.
10. The amount shown in Sabarimala Grant does not match with that of original amount.
11. Non disclosure of liability inÂÂÂÂÂ□ Sabarimala Grant under the head 320200112
12. B5, B16 Schedules do not match.
13. Income/ Expenditure amount of MGNREGS in cash book does not match with AFS Schedule.

# അനുബന്ധം-2
# ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

കോട്ടയം ജില്ലയിലെ എലിക്കുളം ഗ്രാമപഞ്ചായത്തിന്റെ 2022-2023 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കോട്ടയം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്